തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 6
2022 - 2023

# പൊതുഇടവും സ്ത്രീനിർമിതിയും : കേരളീയ സാമൂഹ്യപരിസരങ്ങളിൽ

■ സ്വപ്നാറാണി എസ്. എസ്*

സംഗ്രഹം

ലോകത്തെല്ലായിടങ്ങളിലും ലിംഗപരമായ അസമത്വങ്ങൾ വ്യത്യസ്ത അളവിൽ നിലനിൽക്കുന്നു. ഓരോ പ്രദേശങ്ങളുടെയും സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം ലിംഗബന്ധങ്ങളെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. കേരളീയ സാമൂഹ്യപരിസരങ്ങളിലെ ലിംഗബന്ധങ്ങളുടെ സമഗ്രമായ ഒരു അവലോകനമാണ് ലേഖനം. ഇന്ത്യയിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വലിയ അളവിൽ സ്ത്രീ പദവി ഉയർത്താൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. വികസന സൂചികകളിൽ മികച്ചതായി നിൽക്കുമ്പോഴും ലിംഗബന്ധങ്ങളിലെ അസമത്വപരമായ ചൂഷണങ്ങൾക്ക് സ്ത്രീകൾ പാത്രീഭവിക്കുന്നു. ചരിത്രപരമായി സ്ത്രീ നിർമിതികൾ രൂപപ്പെടുന്നതിനെ സംബന്ധിച്ചും മൂന്ന് പ്രധാന ഇടങ്ങളിലുള്ള സ്ത്രീ പങ്കാളിത്തത്തിന്റെ വിവിധ തലങ്ങളെ സംബന്ധിച്ച് വിശകലനം ചെയ്യുകയാണ് ഈ ലേഖനം.

സ്ത്രീനിർമിതികളെ രൂപപ്പെടുത്തുന്ന ഘടകങ്ങളെ സംബന്ധിച്ച് സമൂഹശാസ്ത്ര ചിന്താപദ്ധതികളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ലിംഗപരമായ സ്വത്വത്തെ രൂപപ്പെടുത്തുന്നതിനുള്ള സമൂഹത്തിന്റെ പങ്ക് സുപ്രധാനമാണ്. ലിംഗപദവിയുടെ സാമൂഹ്യ നിർമിതിയിൽ കടന്നുവരുന്ന ജീവശാസ്ത്രഘടകങ്ങൾ സാമൂഹികമായ ലിംഗപദവിയുടെ ഉയർച്ചതാഴ്ചകളെ നിർണ്ണയിക്കുന്നതായി കാണാം. സ്ത്രീ നിർമിതികൾക്കു വ്യക്തമായ സാമൂഹികാർത്ഥമുണ്ട്. അതിനു സഹായകമാകുന്ന തരത്തിൽ ജീവശാസ്ത്രപരമായ ഘടകങ്ങളെ വളരെ സൗകര്യമായി ഉപയോഗിക്കുന്നുവെന്ന് കാണാം. സാമൂഹ്യവ്യവസ്ഥയുടെ നിയമങ്ങളെ

* അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജിസ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, മലപ്പുറം.

ആന്തരവൽക്കരിച്ച് സ്ത്രീകൾ തന്നെ ഒരു സാമൂഹ്യഘടനയുടെ ഭാഗമായി മാറി അത്തരം സാമൂഹ്യനിർമിതികളായി രൂപപ്പെടുന്നുവെന്നുള്ളതും വസ്തുതയാണ്.

രണ്ടാംതരം പദവിയിലേയ്ക്ക് സ്ത്രീയെ നയിക്കുന്ന ചരിത്രപരമായ ചില രൂപപ്പെടലുകളെ സംബന്ധിച്ച് ഏംഗൽസ് (1989) സൂചിപ്പിക്കുന്നുണ്ട്. സ്വകാര്യസ്വത്തവകാശം പുരുഷന് ലഭ്യമായ സാഹചര്യത്തിൽ സ്ത്രിക്ക് നഷ്ടപ്പെട്ട പദവിയെക്കുറിച്ച് അദ്ദേഹം വ്യക്തമാക്കുന്നു. ചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ നിലനിന്നതും സാമൂഹികപദവിയിലെ സമത്വം അംഗീകരിച്ചതുമായ സമൂഹത്തിൽ നിന്നും കാലക്രമേണ വ്യക്തമായ പുരുഷാധിപത്യ അധികാരഘടന ശക്തിപ്പെടുന്നതായി അദ്ദേഹം നിരീക്ഷിക്കുന്നു. സാമൂഹിക പരിണാമ പ്രക്രിയക്കിടയിൽ നടന്ന തരംതാഴ്ത്തലുകൾ, പദവി നിർണ്ണയങ്ങൾ, അധികാരമില്ലായ്മയുടെ അവസ്ഥകൾ എന്നിവയെക്കുറിച്ചും ആധിപത്യത്തിന് വിധേയപ്പെട്ട് താഴ്ന്നതരം സാമൂഹ്യനിർമിതിയുടെ പ്രതീകമായി സ്ത്രീ മാറ്റപ്പെടുന്നതിനെക്കുറിച്ചും അദ്ദേഹം എഴുതുന്നു. ഉല്പാദന പ്രക്രിയയുടെ പൂർണ്ണ ഉത്തരവാദിത്തം സ്ത്രീകളിൽ നിന്നും നഷ്ടമാകുന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാട്ടുന്നത് . ഇത്തരത്തിൽ സാമ്പത്തിക ഘടനയിലെ പങ്കാളിത്തമില്ലായ്മ സ്ത്രീകളുടെ സാമൂഹ്യപദവിയിൽ ക്രമേണ വെളിവായതാകാമെന്ന് ഏംഗൽസ് (1989) അനുമാനിക്കുന്നു.

ചരിത്രപരമായി മനസ്സിലാക്കുമ്പോൾ സ്ത്രീയെ സമൂഹത്തിന്റെ എല്ലാമേഖലകളിലും, വ്യവഹാരങ്ങളിലും രണ്ടാംതരം നിർമിതിയായി രൂപപ്പെടുത്തിയതായി കാണാം. മതഗ്രന്ഥങ്ങളിലും ഇതിഹാസകാവ്യങ്ങളിലും സ്ത്രീനിർമിതിയുടെ മാതൃക വരച്ചിട്ടു. അവ രൂപപ്പെടുത്തിയ സാമൂഹികാർത്ഥങ്ങൾ അതതുകാലത്തെ പുരുഷാധിപത്യ സമൂഹങ്ങളുടേതായിരുന്നു. അവ വ്യവസ്ഥയെയും നിർമിതികളെയും സ്വാഭാവികവൽക്കരിച്ച് സ്ത്രീസമൂഹത്തെയൊന്നാകെ വരിഞ്ഞു മുറുക്കി. ഇത്തരത്തിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ലിംഗപരമായ വ്യത്യാസങ്ങൾ പുരുഷന് ആധിപത്യവും സ്ത്രീക്ക് താണപദവിയും കൽപ്പിച്ച് നല്കി.

ലിംഗപദവി നിർണ്ണയിക്കുന്നതിൽ മത സാമൂഹിക സ്ഥാപനങ്ങളുടെ സ്വാധീനത്തെ തള്ളിക്കളയാനാകില്ല. ആര്യ ബ്രാഹ്മണ കുടിയേറ്റവും ഹിന്ദുമതത്തിന്റെ ആധിപത്യപരമായ വളർച്ചയും ലിംഗപദവി നിർണ്ണയിക്കുന്നതിൽ പ്രകടമായിരുന്നു. എല്ലാ മതവിശ്വാസങ്ങളിലും ലിംഗപദവിയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ സമാന സ്വഭാവം പുലർത്തി. ജാതി, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ദൈവവിശ്വാസങ്ങൾ തുടങ്ങി പലവിധ ഉപാധികളിലൂടെ സ്ത്രീയെ എല്ലാ മേഖലയിലും താഴ്ന്ന തരം പദവിയിലേക്ക് മാറ്റി നിർത്തി. മതങ്ങൾ രൂപപ്പെടുത്തിയ ഘടനയിൽ അധികാരങ്ങൾക്കും സമൂഹത്തിനു പൂർണ്ണമായും വിധേയപ്പെട്ട ഒരു ജീവിതരീതിയാണ് സ്ത്രീയ്ക്ക് കല്പ്പിക്കപ്പെടുന്നത്. പൊതുവേ ജാതിവ്യവസ്ഥയുടെ കാഠിന്യം അനുഭവിക്കുന്ന വിഭാഗങ്ങളും സ്ത്രീകളും സാമൂഹികചൂഷണം ഒരുപോലെ ഏറ്റുവാങ്ങിയവരാണ്. ജാതിവ്യവസ്ഥയ്ക്കനുസരിച്ച് സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങളുടെ രീതിക്കും

വ്യത്യസ്തതകൾ ഉണ്ടായിരുന്നു. ഇത്തരത്തിൽ മതവും അവയുടെ ഉപാധികളും രൂപപ്പെടുത്തിയ സ്ത്രീപദവി സ്ത്രീക്ക് അനുകൂലമായിരുന്നില്ല. സമൂഹത്തിനനുരൂപമായ, സമൂഹത്തിന് ചേർന്ന നിർമിതിയായ് അവളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സമൂഹം ആഗ്രഹിക്കുന്ന മാതൃകയാകുവാൻ സ്ത്രീ തയ്യാറായിക്കൊണ്ടിരുന്നു. സ്ത്രീകളുടെ സ്വാഭാവികമായ തനത് ഗുണങ്ങൾ രൂപപ്പെടുന്നതിന് പകരം സമൂഹനിർമിതിയായ സ്വത്വത്തെ വഹിക്കാൻ അവർ നിർബന്ധിക്കപ്പെട്ടു.

ലിംഗപദവി നിർണ്ണയത്തെ സംബന്ധിച്ച സ്ത്രീവാദ കാഴ്ചപ്പാടുകളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. സാമൂഹികവും, ജീവശാസ്ത്രപരവും സമ്മിശ്രപരവുമായ ഘടകങ്ങളെക്കുറിച്ച് പല സൈദ്ധാന്തികരും സൂചിപ്പിക്കുന്നു. സിദ്ധാന്തങ്ങൾക്കിടയിൽ വൈജാത്യങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും ലിംഗപദവി നിർണ്ണയിക്കുന്നതിൽ സാമൂഹികമാനങ്ങൾക്കുള്ള പങ്കിനെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. അധീശത്വപരമായ ആണത്തവുമായി ബന്ധപ്പെട്ട റെയ്വീൻ കോണല്ലിന്റെ (ഹരാലംബോസ് & ഹോൾബോൺ, 2013 ) ചിന്തകളിൽ ലിംഗരൂപീകരണത്തിൽ ശാരീരിക ചോദനങ്ങളുടെ പ്രാധാന്യം സൂചിപ്പിക്കുന്നു. അത്തരത്തിൽ നോക്കുമ്പോൾ ജീവശാസ്ത്രപരമായി, ശരീരത്തിന്റെ ചോദനകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ലിംഗസ്വത്വമായി ഒരാൾ രൂപപ്പെടുമ്പോഴും അത്തരം ലിംഗസ്വത്വത്തെക്കുറിച്ച് നിലനിൽക്കുന്ന സാമാന്യബോധവും സമൂഹകാഴ്ചപ്പാടും വളരെ പ്രധാനമാണ് എന്നുവരുന്നു. കാരണം അത്തരം കാഴ്ചപ്പാടുകൾ സാമൂഹികമായ ഇടപെടലുകളിൽ ലിംഗസ്വത്വങ്ങളുടെ പദവി നിർണ്ണയിക്കുന്നു. അത്തരം പദവി നിർണ്ണയനങ്ങൾ ഒന്നിന് ആധ്യപത്യവും മറ്റുള്ളവയ്ക്ക് കീഴാളനിലയും കൽപ്പിച്ച് നൽകുന്നു.

പുരുഷാധിപത്യവ്യവസ്ഥയെന്ന അളവുകോൽ ഉപയോഗിച്ചുകൊണ്ടു മാത്രം സ്ത്രീപ്രശ്നങ്ങളെ വിലയിരുത്തുന്നതിനെ സംബന്ധിച്ച് സ്ത്രീവാദ സൈദ്ധാന്തികർക്കിടയിൽ ഏകാഭിപ്രായം നിലനിൽക്കുന്നില്ല. പക്ഷെ വ്യക്തമായ പുരുഷാധിപത്യഘടന നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. അത്തരം ആശയങ്ങൾ റാഡിക്കൽ ഫെമിനിസ്റ്റ് ചിന്തകളിൽ കാണാവുന്നതാണ്. സ്ത്രീകൾ പുരുഷാധിപത്യപരമായ സമൂഹത്തിന്റെ ചൂഷണങ്ങളിൽ കഴിയേണ്ടി വരുന്നുവെന്നത് യാഥാർഥ്യമാണ്. കുടുംബം എന്ന അടിസ്ഥാന ഘടകത്തിൽനിന്ന് തുടങ്ങി അധികാരത്തിന്റെ എല്ലാ തലങ്ങളിലും സ്ത്രീകൾ അവഗണിക്കപ്പെടുന്ന ഒരു സാഹചര്യമാണ് നിലനില്ക്കുന്നത്. അക്രമാസക്തമായ പുരുഷാധിപത്യവഴികളും അതിന് തുണയേകുന്ന പ്രത്യയശാസ്ത്രവും പുരാണകൃതികൾ ഉൾപ്പെടെ പലതരം ആഖ്യാനങ്ങളിലൂടെ സ്ത്രീകളെ സ്ഥായിയായ, ചിട്ടയായ അടിമത്തത്തിനും ചൂഷണത്തിനും വിധേയമാക്കി. ഒരിക്കലും ചൂഷണത്തെ തിരിച്ചറിയാൻ കഴിയാത്ത സമൂഹനിർമിതികളായി സ്ത്രീകൾ രൂപപ്പെടുന്നു. ഇന്ത്യൻ സന്ദർഭത്തിൽ പുരുഷാധിപത്യപ്രവണതകൾ നിലനിൽക്കുന്നതിനെ സംബന്ധിച്ചും എത്തരത്തിലാണ് സ്ത്രീ ചൂഷണത്തിന് വിധേയമാകുന്നതെന്നുമുള്ള ആശയങ്ങളുടെ ചരിത്രപരമായിട്ടുള്ള വിശകലനങ്ങൾ ഉമാചക്രവർത്തി (1993) പങ്കുവെയ്ക്കു

ന്നുണ്ട്. കേരളത്തിന്റെ പശ്ചാത്തലത്തിലും അവരുടെ ആശയങ്ങൾക്ക് പ്രസക്തിയുണ്ട്. പുരുഷാധിപത്യപ്രവണതകൾ ചരിത്രപരമായി സ്ത്രീകളു ടെമേൽ ആധിപത്യം സ്ഥാപിച്ചിട്ടുണ്ടെന്നുള്ളത് കേരളീയസമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട ഒരു ചരിത്രയാഥാർത്ഥ്യം തന്നെയാണ്.

ലിംഗപരമായ അസമത്വങ്ങളെ വിശകലനം ചെയ്തുകൊണ്ട് പുരുഷാ ധിപത്യവ്യവസ്ഥ നിലനിൽകുന്ന ആറ് തലങ്ങളെ 'പുരുഷാധിപത്യത്തിന്റെ സൈദ്ധാന്തികത' (Theorising Patriarchy) എന്ന തന്റെ പുസ്തകത്തിൽ സിൽവിയ വാൽബി (1990) അവതരിപ്പിക്കുന്നുണ്ട്. രണ്ട് രീതിയിൽ പുരുഷാധി പത്യത്തെ തരംതിരിക്കാമെന്ന് അവർ പറയുന്നു. ഒന്ന്, ഗാർഹിക ഇടങ്ങളിലെ പുരുഷാധിപത്യവും (Private Patriarchy) രണ്ടോമത്തേത്, പൊതുഇടങ്ങളിലെ പുരുഷാധിപത്യവും (Public Patriarchy). ഗാർഹിക ഇടത്തിൽ അച്ഛനോ ഭർത്താ വോ ആകുന്ന ഒരു വ്യക്തിയുടെ (Individual) ആധിപത്യത്തിലാണെങ്കിൽ പൊതു ഇടത്തിൽ കൂട്ടായ (Collective) പുരുഷാധിപത്യത്തിന്റെ ഇരകളാണ് സ്ത്രീകൾ. ഈ രണ്ട് പുരുഷാധിപത്യ രീതികളും രണ്ട് വ്യത്യസ്തതരം തന്ത്രങ്ങൾ ഉപയോഗിച്ച് കൊണ്ട് പുരുഷാധിപത്യത്തെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. അതായത് ഗാർഹിക ഇടത്തിലെ പുരുഷാധിപത്യം സ്ത്രീകളെ പൊതു ഇടത്തിൽ നിന്നും ഒഴിവാക്കി (Exclude) നിർത്തുന്നുവെങ്കിൽ പൊതുഇടങ്ങളിലെ പുരുഷാധിപത്യം സ്ത്രീകളെ ചില ഇടങ്ങളിൽ മാത്രമായി ഒതുക്കിനിർ ത്തുന്നു(Segregate). ഗാർഹിക ഇടങ്ങളിലായിരുന്ന സ്ത്രീകൾ പൊതു ഇടങ്ങളിലേക്കിറങ്ങുമ്പോൾ മുതലാളിത്തസമൂഹവും പുരുഷാധിപത്യവും പരസ്പരപൂരകങ്ങളായി സ്ത്രീയെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ നോക്കുമ്പോൾ പൊതു ഇടങ്ങളിലും സ്ത്രീകൾ പുരുഷാധിപത്യ സമൂഹത്തിന്റെ ചൂഷണങ്ങളിൽ നിന്നും മുക്തരല്ല. ചൂഷണ വിധേയ സാഹചര്യങ്ങളിലാണ് സ്ത്രീകൾ പൊതുഇടങ്ങളിലും നിലനിൽക്കു ന്നുവെന്നത് ചരിത്രയാഥാർത്ഥ്യമാണ്.

സമൂഹം നിർമ്മിച്ചെടുത്ത മാതൃകകൾക്കകത്ത് ഒതുങ്ങാൻ വിസമ്മ തിച്ച സ്ത്രീസമൂഹത്തിന്റെ പരിശ്രമങ്ങളാണ് പൊതു ഇടത്തിലുള്ള അവരുടെ പങ്കാളിത്തത്തെ ഉറപ്പാക്കിയത്. പുതുനിർമിതികളാകാനുള്ള, ആർജ്ജവമുള്ള സ്വത്വബോധം ഉൾക്കൊണ്ട, സമൂഹത്തിനനുരൂപമായി നിൽക്കാൻ മടിക്കുന്ന സ്ത്രീകളെ ചരിത്രത്തിൽ കാണാൻ കഴിയും. കേരളത്തിലെ സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ, അയിത്തോച്ചാടനയത്നങ്ങൾ, ദേശീയപ്രസ്ഥാ നങ്ങൾ, തൊഴിലാളിപ്രസ്ഥാനങ്ങൾ തുടങ്ങി ഒട്ടേറെ സമരങ്ങൾ പകർന്നു നൽകിയ ഊർജ്ജവും കൂട്ടായ പ്രവർത്തനങ്ങളുമാണ് സ്ത്രീകൾക്കെതിരെ നിലനിന്ന ചൂഷണങ്ങളെ ചോദ്യം ചെയ്യാൻ സാധിച്ചത്. പൊതുഇടം പുരുഷന്റേതാണെന്ന പൊതുബോധത്തെ മാറ്റിനിർത്തിക്കൊണ്ട്, സ്ത്രീകളു ടേതുകൂടിയാണത് എന്ന പൊതുബോധത്തെ ഉറപ്പിച്ചെടുത്തു. ലേഖനത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ പൊതുമണ്ഡലങ്ങളിലെ സ്ത്രീ പങ്കാളിത്തത്തിന്റെ കേരളീയപശ്ചാത്തലം പരിശോധിക്കുന്നു. പുസ്തകങ്ങളും, ലേഖനങ്ങളും, റിപ്പോർട്ടുകളും ഈ സമൂഹ്യചരിത്രാന്വേഷണത്തിന്റെ ആധാരസൂചകങ്ങളായി വർത്തിക്കുന്നു.

കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യപദവിയെ സംബന്ധിച്ച ചരിത്രപരമായ ചില അടയാളപ്പെടുത്തലുകൾ കൂടി പരിശോധിക്കേണ്ടതുണ്ട്. സ്ത്രീകളുടെ ആദ്യകാല സാമൂഹ്യപദവിയെ സംബന്ധിച്ച് ചരിത്രകാരനായ കെ. എൻ. ഗണേഷ് (1990) നൽകുന്ന ചില നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. പ്രാചീന-മധ്യകാല കേരളത്തെ മുൻനിർത്തിയുണ്ടായ ചരിത്ര രചനകൾ ലിംഗപദവിയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നൽകിയിട്ടില്ല. മഹാശിലാസ്മാരകങ്ങളുടെയും സംഘം എന്ന പ്രാചീന തമിഴ് സാഹിത്യ കൃതികളുടെയും കാലത്തുനിന്ന് മതിയായ തെളിവുകൾ ലഭ്യമല്ല. ലഭ്യമായ തെളിവുകളനുസരിച്ച് അക്കാലത്തെ ഗോത്രവർഗ്ഗ ജീവിതത്തിൽ സ്ത്രീയ്ക്കും പുരുഷനും തുല്യപങ്കാളിത്തമുണ്ടായിരുന്നു. ലൈംഗിക ബന്ധങ്ങളുടെ മേലുള്ള നിയന്ത്രണങ്ങളിലൂടെയാണ് ഗോത്രസമൂഹങ്ങളിലെ ലിംഗവിവേചനം ആദ്യം ആരംഭിക്കുന്നത്. പുരുഷന്മാർക്ക് പൊതുമണ്ഡലമെന്നും സ്ത്രീകൾക്ക് ഗാർഹികമണ്ഡലമെന്നുമുള്ള വിഭജനങ്ങൾ ഉണ്ടായിരുന്നില്ല. സംഘകാലത്തു തന്നെ സ്ത്രീകളുടെ മേൽ നിയന്ത്രണങ്ങൾ ഉണ്ടാക്കുന്ന ചില സാഹചര്യങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. ബഹുഭാര്യത്വം, പാതിവ്രത്യം, പരിശുദ്ധി തുടങ്ങിയ ആശയങ്ങൾ സംഘകാല കൃതികളിൽത്തന്നെ കാണാവുന്നതാണ്. സംഘകാലത്തിനു ശേഷമുള്ള കൃതികളിൽ കൂടുതൽ കൃത്യമായ പുരുഷമേധാവിത്ത സൂചനകൾ കാണാം. സംഘകാലത്തിനു ശേഷം വരുന്ന മാറ്റങ്ങൾ കൊണ്ട് സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷകേന്ദ്രീകൃതരൂപങ്ങൾ കൂടുതൽ ശക്തമാക്കപ്പെടുന്നുവെന്ന് കെ. എൻ. ഗണേഷ് (1990) സൂചിപ്പിക്കുന്നു. മേൽ സൂചിപ്പിച്ച പരാമർശങ്ങളിൽ നിന്നും വെളിവാകുന്നത് ആദ്യകാലങ്ങളിൽ തന്നെ പുരുഷമേധാവിത്തപരമായിട്ടുള്ള പ്രവണതകൾ ആവിർഭവിക്കുകയും സാമൂഹ്യപരിണാമ പ്രക്രിയയുടെ വളർച്ചാഘട്ടങ്ങളിൽ അവ കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

കേരളത്തിലെ സ്ത്രീകളുടെ പൊതുഇടങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ തീർച്ചയായിട്ടും ഗാർഹിക ഇടങ്ങളുടെയും വിശകലനം ആവശ്യപ്പെടുന്നു. കാരണം പുരുഷാധിപത്യ പ്രവണതകൾ ശക്തമാക്കപ്പെട്ടപ്പോൾ സ്ത്രീക്കും പുരുഷനും നിശ്ചിത ഇടങ്ങൾ വിഭജിച്ചു നല്കിയതായിക്കാണം. ആ അർത്ഥത്തിൽ ഗാർഹിക ഇടങ്ങളിലെ സ്ത്രീകളുടെ നിലയെക്കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. അത് ജാത്യാധിഷ്ഠിത സാമൂഹ്യസാഹചര്യത്തിനകത്ത് മനസ്സിലാക്കേണ്ട ഒന്നാണ്. ജാതികേരളത്തിന്റെ സാംസ്കാരിക പ്രത്യേകതകൾക്കുള്ളിലാണ് സ്ത്രീകളുടെ പദവിയും നിലകളും നിശ്ചയിക്കപ്പെട്ടിരുന്നത്. സ്ത്രീകളുടെ പൊതുവായ സാമൂഹ്യനിലയെ സംബന്ധിച്ച് പറയുന്നതിനേക്കാൾ കൃത്യത വ്യത്യസ്ത ജാതി-മത-സാംസ്കാരിക ഘടകങ്ങളുടെ സാഹചര്യങ്ങളിൽക്കൂടി അവയെ പരിശോധിക്കേണ്ടതുണ്ട് എന്നതാണ്. ഗാർഹിക ഇടങ്ങളിലെ സ്വാതന്ത്ര്യവും പദവിയും ജാത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ കുടുംബ സംവിധാനങ്ങളിലെ വ്യത്യസ്തതകളെക്കൂടി കണക്കിലെടുക്കേണ്ടതുണ്ട്. പിന്നോക്കവിഭാഗമെന്ന് മുദ്രകുത്തപ്പെട്ട ഈഴവരാദി വിഭാഗങ്ങളെ സംബന്ധിച്ചടുത്തോളം പ്രാദേശികാടിസ്ഥാനത്തിൽ മക്കത്തായവും മരുമക്കത്തായവും പ്രയോഗത്തിൽ നിലനിന്നിരുന്നു. അതുകൊണ്ടു തന്നെ മക്കത്തായ - മരുമക്കത്തായ രീതികളിലെ

സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും ചേർന്ന സങ്കീർണ്ണമായ അനുഭവങ്ങളാണ് ഈ വിഭാഗത്തിലെ സ്ത്രീകൾക്കു ണ്ടായിരുന്നത്. ജാത്യടിസ്ഥാനത്തിലുള്ള പൊതുവും കഠിനവുമായ അവകാശ നിഷേധങ്ങളുള്ളപ്പോഴും സ്ത്രീകൾ എന്ന നിലയിൽ കൂടുതൽ അവഗണ നകളും പ്രശ്നങ്ങളും അനുഭവിച്ചി രുന്നതായും കാണാം. എന്നാൽ ഇത്തരം വിഭാഗങ്ങളിലെ സ്ത്രീകൾക്ക് പൊതു ഇടത്തിലേക്കുള്ള ചലനാത്മകത സാധ്യമായിരുന്നു. ജാതിയിൽ ഔന്നത്യം ഉണ്ടായിരുന്ന വിഭാഗങ്ങളെ സംബന്ധിച്ചടുത്തോളം ഇത്തരം മക്കത്തായ-മരുമക്കത്തായ കുടുംബ സംവിധാനങ്ങൾ ക്കനുസരിച്ച് വ്യത്യസ്തരീതിയിൽ സാമൂഹ്യപദവിയും അവകാശവും നിലനിന്നിരുന്നതായി കാണാം. മരുമക്കത്തായവ്യവസ്ഥ നിലനിന്നിരുന്ന നായർ, അമ്പലവാസി സമുദായത്തിലെ സ്ത്രീകളെ സംബന്ധിച്ച് മക്കത്തായ കുടുംബസംവി ധാനങ്ങളിലെ സ്ത്രീകളേക്കാൾ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. സാമൂഹ്യചലനാത്മകതയും ഈ വിഭാഗങ്ങളിലെ സ്ത്രീകൾക്ക് ലഭ്യമായിരുന്നു എന്ന നീരീക്ഷണവും കാണാവുന്നതാണ്. ജാതിയിൽ ഏറ്റവും ഔന്നത്യത്തിൽ നിലനിന്നിരുന്ന നമ്പൂതിരി സ്ത്രീകളെ സംബന്ധിച്ചടുത്തോളം സ്വാതന്ത്ര്യമില്ലായ്മയുടെ പ്രശ്നങ്ങൾ കൂടുതൽ അനുഭവിച്ചതായി പഠനങ്ങൾ (ദേവിക. ജെ,2015) സൂചിപ്പിക്കുന്നു. പൂജ, പ്രാർത്ഥന, ജപം എന്നിവകളിൽ മുഴുകി ജീവിക്കേണ്ടി യിരുന്ന സാഹചര്യമാണ് അവർക്കുണ്ടായിരുന്നത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം മക്കത്തായ-മരുമക്കത്തായ കുടുംബസംവിധാനങ്ങളിലെ സ്ത്രീകളുടെ ഗാർഹികവും സാമൂഹികവുമായിട്ടുള്ള പദവി അടിസ്ഥാനമാക്കിയുള്ള വിശകലനങ്ങളാണ് പൊതുവേ ലിംഗദേദത്തെപ്പറ്റിയുള്ള ചർച്ചകളെ തെറ്റായി വ്യാഖ്യാനിക്കാനിടനല്കിയതെന്നും യഥാർത്ഥത്തിൽ മധ്യകാല കേരളത്തിലെ ഫ്യൂഡൽ ബന്ധങ്ങളിലും പുരുഷാധിപത്യ അധികാരങ്ങളും അവകാശങ്ങളും പ്രകടമായി നിലനിന്നിരുന്നുവെന്ന് കെ. എൻ. ഗണേഷ് (1990) സൂചിപ്പിക്കുന്നു. മരുമക്കത്തായ സംവിധാനത്തിൽ യഥാർത്ഥത്തിൽ സ്ത്രീകൾ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നില്ല എന്നും രണ്ട് ദായക്രമങ്ങളും പുരുഷ കേന്ദ്രീകൃതമായിരുന്നു എന്നും നിരീക്ഷിക്കുന്നു. കൂടാതെ കൊളോണിയൽ നിയമസംഹിതയും സദാചാരബോധവും ചേർന്ന് മാതൃദായക്രമത്തിൽ സ്ത്രീകൾക്ക് ലഭ്യമായിരുന്ന സ്വത്തവകാശം ഇല്ലാതാക്കുകയും പുരുഷന് ലഭ്യമാക്കുകയും മക്കത്തായവും പിതൃഅധികാരഘടനയും കൂടുതൽ ശക്തമാക്കപ്പെടുന്ന സാഹചര്യമുണ്ടായിയെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അപ്രകാരം മരുമക്കത്തായം നിലനിന്നിരുന്ന കുടുംബങ്ങളിൽ അവരുടെ വിവാഹസംബന്ധരീതികൾ വരെ പുനർനിർമ്മിച്ചുകൊണ്ട് ആണധികാര വ്യവസ്ഥ കൂടുതൽ ശക്തമാക്കപ്പെട്ടു. മേൽ സൂചിപ്പിച്ച രീതിയിലുള്ള മാറ്റങ്ങൾ ഇരുപതാം നൂറ്റാണ്ടിൽ മക്കത്തായ വളർച്ചയും അന്തർവിവാഹങ്ങളും ഉടലെടു ക്കുന്നതിനും അവ പുരുഷകേന്ദ്രീകൃത കുടുംബങ്ങളെ ശക്തിപ്പെടു ത്തുന്നതിനും ഇടയാക്കിയെന്നും കെ. എൻ. ഗണേഷ് (1990) വ്യക്തമാക്കുന്നു. കൂടാതെ പത്തൊമ്പതാം നൂറ്റാണ്ടിൽ തുടങ്ങിയ നവോത്ഥാന ശ്രമങ്ങൾ ഉൾപ്പെടെ സ്ത്രീകളുടെ ഉന്നമനം വളരെ പ്രധാനപ്പെട്ട ഒരു അജണ്ടയായി എല്ലാ സാമൂഹ്യപരിഷ്കർത്താക്കളും കൊണ്ടുവന്നെങ്കിലും കൊളോണിയൽ

സദാചാരബോധത്തിലധിഷ്ഠിതമായ മൂല്യങ്ങൾ രൂപപ്പെടുത്തിയ സ്ത്രീ 'കുലീന', 'ഉത്തമ സ്ത്രീ', എന്നീ മാതൃകകളിലായിരുന്നുവെന്ന് ജെ. ദേവികയും (2015) തന്റെ പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച ചരിത്രപരമായ അവലോകനങ്ങൾ വെളിവാക്കുന്നത് സമൂഹ്യനിർമിതിയെന്ന നിലയിൽ സ്ത്രീകളുടെ അവകാശങ്ങളും പദവികളും പുനർനിർണ്ണയിക്കുന്ന സാമൂഹ്യസന്ദർഭത്തെയാണ്. നവോത്ഥാനാനന്തരം സ്ത്രീകൾ എങ്ങനെ ആകണമെന്ന ഇത്തരം ബോധ്യങ്ങൾ ഏതെങ്കിലും ഒരു ജാതിസമൂഹത്തിൽ മാത്രം ഉണ്ടായതല്ല എല്ലാ ജാതിസമൂഹങ്ങളിലെയും സ്ത്രീകളിൽ ഏറിയും കുറഞ്ഞും ഇത് പ്രകടമായിരുന്നു. കേരളത്തിലെ ഈ ഒരു ചരിത്രസന്ദർഭത്തിലാണ് പൊതുഇടത്തിലേക്കുള്ള സ്ത്രീകളുടെ പങ്കാളിത്തത്തെ വിശകലനം ചെയ്യുന്നത്. പ്രധാനമായും വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയം എന്നീ മൂന്ന് ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ പങ്കാളിത്തമാണ് ഈ ലേഖനം ലക്ഷ്യമാക്കുന്നത്.

**വിദ്യാഭ്യാസം**

സ്ത്രീകളുടെ പൊതുഇടത്തെ വിശാലമാക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ച ഒരു ഘടകമാണ് വിദ്യാഭ്യാസം. നവോത്ഥാന കാലഘട്ടം തുടങ്ങി മിഷണറി പ്രവർത്തനങ്ങളിലൂടെ ജാതിമതഭേദമന്യേ വിദ്യാഭ്യാസത്തിന്റെ വഴികൾ സ്ത്രീകൾക്ക് തുറന്നു കിട്ടി. രാജഭരണകാലത്തും നവോത്ഥാനകാലത്തും സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകിയിരുന്നു. ജനാധിപത്യത്തിലും സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കി (അമർത്യസെൻ & ഴാങ്ഡ്രേസ്, 2000). അതുമൂലം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാസമ്പന്നരായ സ്ത്രീകളുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണ്.

സാമൂഹ്യപരിഷ്കരണങ്ങളുടെ ഒരു പ്രധാന അജണ്ടയായി സ്ത്രീ വിദ്യാഭ്യാസം പല സമുദായങ്ങളും കൊണ്ടുവന്നുവെങ്കിലും സ്ത്രീ ഉന്നമനവും പദവിയിലെ ഉയർച്ചയും തുല്യതയും നൽകുകയെന്നതായിരുന്നില്ല പൊതുവായ ലക്ഷ്യം. ഒരു പരിഷ്കൃതസമൂഹത്തെയും കുടുംബത്തെയും മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന സ്ത്രീകളെ രൂപപ്പെടുത്തുക മാത്രമായിരുന്നു അവയുടെ ലക്ഷ്യമെന്ന് ചില പഠനങ്ങൾ (പി. ഗീത,2007) സൂചിപ്പിക്കുന്നു. കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ പങ്കാളിത്തത്തെ സംബന്ധിച്ച ചില റിപ്പോർട്ടുകൾ കൂടി പരിശോധിക്കാവുന്നതാണ്.

ശാസ്ത്രസാഹിത്യപരിഷത്തിന്റെ കേരളപഠനം റിപ്പോർട്ടിൽ (2006) സാങ്കേതികവിദ്യാഭ്യാസവും പ്രൊഫഷണൽ യോഗ്യതയും നേടിയവർ ഏറെ പുരുഷന്മാരാണെന്ന് കാണിക്കുന്നു. എന്നാൽ +2, ബിരുദബിരുദാനന്തര യോഗ്യതകൾ നേടിയവർ കൂടുതലും സ്ത്രീകളാണെന്നും കാണാം. കേരള വികസന റിപ്പോർട്ട് (2008) പ്രകാരം ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികൾ ബിരുദ ബിരുദാനന്തര ആർട്സ് ആന്റ് സയൻസ് കോഴ്സുകളിൽ ചേരുന്നുണ്ട്. അതേസമയം നഴ്സിംഗ്, അധ്യാപനം ഒഴികെയുള്ള

പ്രൊഫഷണൽ ടെക്നിക്കൽ വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. എഞ്ചിനീയറിങ് വിദ്യാഭ്യാസത്തിന് ചേരുന്ന കുട്ടികളുടെ മൂന്നിലൊരുഭാഗം മാത്രമേ പെൺകുട്ടികളുള്ളൂ. തൊഴിലധിഷ്ഠിത കോഴ്സുകളിൽ ഉള്ള സ്ത്രീ പങ്കാളിത്തവും കുറവാണ്. ഐ. ഐ. ടി, ഐ. ടി. സി സ്ഥാപനങ്ങളിൽ പെൺകുട്ടികളുടെ എണ്ണം കുറവെന്നു മാത്രമല്ല പെൺകുട്ടികൾക്ക് പഠിക്കാൻ സാധിക്കുന്നതെന്ന് കൽപ്പിച്ചിട്ടുള്ള തയ്യൽ, ഡ്രസ്സ് മേക്കിങ്, സ്റ്റെനോഗ്രാഫി, സെക്രട്ടെറിയൽ പ്രാക്ടീസ്, ഡേറ്റ പ്രിപ്പറേഷൻ പോലുള്ളവയിലാണ് അവർ പ്രവേശനം നേടുന്നത്.

2011 ലെ കണക്കനുസരിച്ച് കേരളത്തിന്റെ സാക്ഷരതാനിരക്ക് 94% ആണ്. ഇതു ഉയർന്ന നിരക്കായി വിലയിരുത്തപ്പെടുന്നു. ഇതിൽ സ്ത്രീ സാക്ഷരത വളരെ ഉയർന്നതുമാണ്(92%). കേരളത്തിൽ ഉപരിപഠനത്തിന് ചേരുന്നവരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഉന്നത വിദ്യാഭ്യാസ സർവ്വേ താൽക്കാലിക റിപ്പോർട്ട് പ്രകാരം 27 ശതമാനമാണ് മൊത്തം പ്രവേശനാനുപാതം. 2014 – 15 പ്രകാരം കേരളത്തിൽ ബിരുദാനന്തരബിരുദത്തിന് പഠിക്കുന്നവരിൽ കൂടുതലും പെൺകുട്ടികളാണ്. വളരെ കുറഞ്ഞ അളവിലാണ് ആൺകുട്ടികൾ പ്രവേശനം നേടുന്നത് (ഡോ. സി. പ്രദീപ്, 2016).

2019–20 NFHS 5 കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് 15 – 49 വയസ്സു വരെയുള്ള സ്ത്രീകളുടെ സാക്ഷരത നിരക്ക് കേരളത്തിൽ 98.3 ശതമാനമായി വർദ്ധിച്ചതായി 2021 ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പരാമർശിക്കുന്നു. അതേ സമയം കേരളത്തിലും ഇന്ത്യയിലും ഉള്ള സ്ത്രീകളുടെ കമ്പ്യൂട്ടർ സാക്ഷരത, ഇന്റർനെറ്റിനെ സംബന്ധിച്ച അടിസ്ഥാനപരമായ അറിവ് എന്നിവയിൽ പുരുഷന്മാരേക്കാൾ താഴെയാണ് സ്ത്രീകൾ എന്ന് കാണിക്കുന്നു.

പൊതുവിദ്യാഭ്യാസം സാർവ്വത്രികമായതിനാൽ തന്നെ പ്രാഥമിക തലത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസ പങ്കാളിത്തം കുറവല്ല. ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ 2020 – 21 –ലെ റിപ്പോർട്ടുകൾ പ്രകാരം ഹയർ സെക്കൻണ്ടറി (51.8%), ബിരുദം (64.6%), ബിരുദാനന്തരബിരുദം (64%) എന്നിവയിൽ ചേരുന്ന പെൺകുട്ടികൾ കൂടുതലാണ്. എന്നാൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോഴ്സുകൾ എടുത്താൽ പുതുതായി ചേരുന്ന പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. ടെക്നിക്കൽ സ്കൂളുകളിലും വളരെ കുറഞ്ഞ പങ്കാളിത്ത (2020–21 ൽ 52%) മാണ് കാണുന്നത്. അതേ സമയം പ്രൊഫഷണൽ കോഴ്സുകളിലെ പങ്കാളിത്തം 2020 – 21 കാലയളവിൽ കൂടിയിട്ടുണ്ട്. ടെക്നിക്കൽ ഒഴികെ ബാക്കി എല്ലാ പ്രൊഫഷണൽ കോഴ്സുകളും ഉൾപ്പെടെ പെൺകുട്ടികളുടെ പങ്കാളിത്തം ആൺകുട്ടികളേക്കാൾ കൂടുതലാണ്. പ്രൊഫഷണൽ കോഴ്സായ ബി. ടെക് മറ്റ് ടെക്നിക്കൽ കോഴ്സുകൾ അതായത് പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവിടങ്ങളിൽ വളരെ കുറവാണ്. എന്നാൽ ആരോഗ്യം, അനുബന്ധമേഖലകളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. ഭാവിയിൽ ഡോക്ടമാരിൽ 60 ശതമാനം പേരും സ്ത്രീകളായിരിക്കുമെന്ന് റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു (കേരള സാമ്പ

ത്തിക അവലോകന റിപ്പോർട്ട് 2021). മേൽ സൂചിപ്പിച്ച റിപ്പോർട്ടുകളെ കാലഘട്ടാനുസൃതമായി പരിശോധിക്കുമ്പോൾ പ്രൊഫെഷണൽ, ടെക്നിക്കൽ കോഴ്സുകളിൽ ചേരുന്ന പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്.

ആൺ പെൺ വ്യത്യാസമില്ലാതെ വിദ്യാഭ്യാസം സ്വായത്തമാക്കേണ്ട താണ് എന്ന പൊതുബോധം സമൂഹത്തിലുണ്ട്. അത്തരത്തിൽ വിദ്യാഭ്യാസം സർവ്വസാധാരണമായ ഒരു കാര്യം എന്നതിനപ്പുറം ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ സമൂലപരിവർത്തനം ഉണ്ടാക്കുന്നതിനോ സാമൂഹ്യമായി നിലനില്ക്കുന്ന ചൂഷണങ്ങളെ ന്യൂനീകരിക്കുന്നതിനോ കാരണമാകുന്നില്ല.

വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും പൊതു ഇടങ്ങളിലെ സ്ത്രീനിർമിതിയെ പരിശോധിക്കുമ്പോൾ വിദ്യാഭ്യാ സത്തിലെ പങ്കാളിത്തത്തിനപ്പുറം വിദ്യാഭ്യാസ രീതികൾക്ക് മാറ്റമുണ്ടാകണ മെന്നതാണ് മനസ്സിലാകുന്നത്. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളെ സാമൂഹികമായി നിർമിച്ചെടുക്കുന്ന മൂല്യങ്ങളും ചട്ടങ്ങളും പുനരുൽപ്പാദിക്കുന്ന പാഠഭാഗങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാണ്. പകരം ലിംഗസമത്വത്തെ ഉയർത്തിപ്പിടിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ് (അമ്മുജോസഫ്, 1999). ഈ കാലങ്ങളോളം പാഠഭാഗങ്ങളിലെ ലിംഗബന്ധങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നത് വസ്തുതയായി ഇന്നും നിലനിൽക്കുന്നത്.

സേവനമേഖല വികസിതമായപ്പോൾ അത്തരം മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ വിദ്യാഭ്യാസം പ്രധാന പങ്ക് വഹിച്ചു. കൂടാതെ വിദ്യാഭ്യാസം സ്ത്രീകളിൽ സ്വത്വബോധം രൂപപ്പെടുത്തുന്നതിനും സഹാ യകമായി. മാത്രമല്ല വിദ്യാഭ്യാസം പരിമിതമായ തോതിലെങ്കിലും സ്ത്രീകളിൽ അവകാശബോധമുണ്ടാക്കി. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണെങ്കിലും പുരുഷാധിപത്യ ചൂഷണത്തിന്റെ കാര്യത്തിൽ കുറവൊന്നുമില്ല. സ്ത്രീ സൗഹൃദമല്ലാത്ത പ്രവണതകൾ വിവിധ രീതികളിൽ ഇവിടെ നിലനില്ക്കുന്നത് കാണാം.

ലിംഗപരമായ തൊഴിൽ വിഭജനവും സ്ത്രൈണവൽകരിക്കപ്പെട്ട പഠനമേഖലകളുടെ തിരഞ്ഞെടുപ്പും തമ്മിൽ പരസ്പരാശ്രിതത്വമുണ്ട്. വിദ്യാഭ്യാസത്തിൽ സ്ത്രീകൾ തിരഞ്ഞടുക്കേണ്ട മേഖലകൾ ഇന്നതൊക്കെ യാണെന്ന് ഒരു പൊതുബോധം നിലവിലുണ്ട്. വിദ്യാഭ്യാസം നേടുക എന്നതിന പ്പുറം ഒരു പെൺകുട്ടി എന്ത് തരം വിദ്യാഭ്യാസമാണ് നേടേണ്ടത് എന്ന കാര്യത്തിലും വിവേചനപരമായ ഒരു പൊതുബോധം നിലനില്ക്കുന്നുണ്ട്. സാമൂഹികമായി രൂപപ്പെട്ടിരിക്കുന്ന ആ ബോധത്തെ പൂർണ്ണമായും തുടച്ചു നീക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല .

മുന്നേ സൂചിപ്പിച്ചതുപോലെ പാഠ്യപദ്ധതിയിലെ ബോധ്യങ്ങളുൾപ്പെടെ ലിംഗഭേദാധിഷ്ഠിതമായ സമൂഹനിർമിതിയിൽ സ്വാധീനം ചെലുത്തുന്നു. പെൺകുട്ടിയുടെ കുടുംബ പശ്ചാത്തലം, സാമൂഹ്യവൽക്കരണ ഘടകങ്ങൾ,

പ്രാദേശികമായ നിലനിൽപ്പ് (ഗ്രാമ, നഗര വ്യത്യാസം) ജാതി, മത സാംസ്കാരിക പശ്ചാത്തലം ഇങ്ങനെ വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് വിദ്യാഭ്യാസം ഒരു പെൺകുട്ടിയിൽ സ്വാധീനം ചെലുത്തുന്നത്. കാരണം ഇവയി ലൊക്കെ പൊതുവായി നിലനില്ക്കുന്ന ലിംഗപരമായ സാമൂഹ്യനിയമങ്ങ ളുടെയും നാട്ടുനടപ്പുകളുടെയും മൂല്യങ്ങളുടെയും സ്വാധീനങ്ങൾക്കനുസൃ തമായിട്ടാണ് സ്ത്രീ പദവിയുടെ നിലയെ കാണേണ്ടത്. ഭൗതികഘടകങ്ങളിൽ (Material aspects) വളരെ പെട്ടെന്നുള്ള മാറ്റങ്ങൾ കാണാമെങ്കിലും ഭൗതികേതര ഘടകങ്ങളായ (Non material aspects) മൂല്യങ്ങളും ചട്ടങ്ങളും മനുഷ്യന്റെ സാമൂഹ്യജീവിതത്തിന്റെ സങ്കീർണ്ണതകളിൽ നിന്നും രൂപപ്പെട്ടവയാണ്. അവ മാറ്റങ്ങൾക്ക് വിധേയമാകുന്നതിൽ കാലമെടുക്കാം. അതുകൊണ്ടുതന്നെ സ്ത്രീസൗഹൃദപരമായിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിൽ വന്നാലും അവ സാമൂഹ്യബോധ്യങ്ങളിൽ മാറ്റം ഉണ്ടാക്കുന്നത് സാവധാന മായിരിക്കും. കൂടാതെ മനുഷ്യന്റെ എല്ലാത്തരം സാമൂഹ്യ സംഘാടനത്തിലും രൂപങ്ങളിലും അധികാരശ്രേണിരൂപപ്പെടുന്നുണ്ട്. സാമൂഹ്യമാറ്റങ്ങൾക്കനു സൃതമായി പുരുഷാധിപത്യം പുതിയ രൂപങ്ങളിൽ പ്രകടമാകുന്നതും കാണാം. സമൂഹം മാറ്റത്തിന് വിധേയമാകുന്നതിനനുസരിച്ച് പുരുഷന് ആധിപത്യം നൽകുന്ന അധികാര ശ്രേണി ചരിത്രപരമായി രൂപപ്പെട്ടിരുന്നുവെന്നുള്ള വിശകലനങ്ങൾ മുൻഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം സ്ത്രീശാക്തീകരണത്തിനു സഹായിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് പൂർണ്ണമായും അങ്ങനെ അല്ല എന്നു തന്നെയാണ് കേരളത്തിലെ സാഹചര്യങ്ങൾ നൽകുന്ന ഉത്തരം. വിദ്യാഭ്യാസം നേടുക എന്നതിന് വായിക്കാനും എഴുതാനും അത്യാവശ്യം അറിവ് നേടാനും സ്ത്രീകളെ സഹായിക്കുന്നു എന്നതിനപ്പുറം അവരുടെ ജീവിതത്തെ പുനർനിർണ്ണയിക്കുന്ന നിർമിതികൾ ഉണ്ടാകേണ്ടതുണ്ട് എന്ന ബോധം പൊതു സമൂഹം ഇപ്പോഴും പങ്കുവെക്കുന്നില്ല. സ്വന്തം തീരുമാനമെടുക്കാനുള്ള സ്ത്രീകളുടെ കഴിവിനെ വിദ്യാഭ്യാസം സ്വാധീനിക്കുന്നില്ല എന്ന കേരളപഠനം (2006) റിപ്പോർട്ടിലെ കണ്ടെത്തൽ ഇതിനെ സാധൂകരിക്കുന്നതാണ്. സമകാലിക പത്രവാർ ത്തകളും ഇക്കാര്യത്തിന് അടിവരയിടുന്നു. ഉന്നതവിദ്യാഭ്യാസമുള്ള പെൺ കുട്ടികളെ വിവാഹമാർക്കറ്റിൽ ആവശ്യമുണ്ടെങ്കിലും 'സ്ത്രീധനം', പണവും സ്വർണ്ണവും പറഞ്ഞുള്ള വിലപേശലുകൾ എന്നിവയ്ക്ക് പ്രത്യേകിച്ച് കുറവൊന്നുമില്ലെന്നുള്ളത് സാമൂഹ്യയാഥാർത്ഥ്യമാണ്. സ്ത്രീധന പീഡന മരണങ്ങൾ അതിനു വ്യക്തമായ തെളിവുകളായി കേരളത്തിൽ ധാരാളമായി നടക്കുന്നു. ഗാർഹിക പീഡന നിരോധന നിയമം, സ്ത്രീധന നിരോധന നിയമം എന്നിവ പ്രാബല്യത്തിലുണ്ടെങ്കിലും മാറ്റങ്ങൾ പൂർണ്ണമായ തോതിൽ ദൃശ്യമല്ല എന്നുള്ള വസ്തുതയാണ് മാധ്യമ വാർത്തകൾ നല്കുന്നത്. ഉയർന്ന വിദ്യാഭ്യാസവും ജോലിയും ഉള്ള പെൺകുട്ടികൾ പോലും ഇത്തരം സംഭവങ്ങളിൽ സ്വതന്ത്രമായ തീരുമാനങ്ങൾ എടുത്ത് ധൈര്യം കാണിക്കുന്ന സാഹചര്യങ്ങൾ ഇല്ല എന്നുള്ളത് വസ്തുതയാണ്. ഉറച്ച തീരുമാനങ്ങ ളെടുക്കുന്ന സ്ത്രീകളുടെ എണ്ണം തുലോം കുറവാണ്. സമൂഹം വാർത്തെ ടുത്തിരിക്കുന്ന സ്ത്രീമൂല്യങ്ങളും ചട്ടങ്ങളും ആന്തരവൽക്കരിച്ച് സ്ത്രീനിർ

മിതികളായി മാറുന്നതിന്റെ തെളിവാണ് ഇത്തരം സംഭവങ്ങൾ. ഈ അടുത്ത കാലത്ത് സംഭവിച്ച നിരവധി സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യ കളും അതിനു തെളിവാണ്.

കേരള സംസ്ഥാനത്തിലെ കണക്കുകൾ സ്ത്രീ വിദ്യാഭ്യാസത്തിന്റെ ഉയർന്നനിരക്ക് കാണിക്കുന്നുണ്ടെങ്കിലും തൊഴിൽമേഖലയിലെ സ്ത്രീകളുടെ എണ്ണം പരിമിതമാണ്. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലുൾപ്പെടെ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറവാണ്. വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന പാഠഭാഗങ്ങളിൽ ലിംഗസമത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങൾ കുറവാണ്. പുരുഷാ ധിപത്യ കാഴ്ചപ്പാടുകളിലൂന്നിയുള്ള ആശയങ്ങളാണ് അവർക്കധികവും ലഭിക്കുന്നത്. ഒരു പെൺകുട്ടി എല്ലായ്പ്പോഴും കുടുംബം, ബന്ധുക്കൾ, അയൽ വാസികൾ, തുടങ്ങി ചുറ്റുമുള്ള എല്ലാവരുടെയും നിരീക്ഷണത്തിലാണ്. അതുകൊണ്ടുതന്നെ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം 'നല്ല മകൾ ' എന്ന ലേബലിൽ വളർത്തുക എന്നത് ഒരു വലിയ ഉത്തരവാദിത്തമായി ത്തീരുന്നു. സമൂഹമാഗ്രഹിക്കുന്ന നല്ല മകൾ ഒരുപാട് നിയന്ത്രണങ്ങൾ ക്കുള്ളിൽ വളർന്ന് രൂപപ്പെടേണ്ടവളാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ലഭ്യമാകേണ്ടത് എന്ന രീതിയിൽ സ്ത്രീക ൾക്കും ലഭിക്കണം എന്ന ബോധ്യങ്ങളാണ് പൊതുസമൂഹത്തിൽ രൂപപ്പെട്ടത്. നവോത്ഥാനാനന്തര സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ച ചില നിരീക്ഷണങ്ങളിൽ (ജെ. ദേവിക. 2015, കെ .എൻ. ഗണേഷ്. 1990; പി.ഗീത. 2007) മുൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒരു പരിഷ്കൃതസമൂഹത്തെ നയിക്കുന്നതിന് അനുയോജ്യരായ സ്ത്രീകളെ വാർത്തെടുക്കുക എന്ന ബോധ്യങ്ങളിൽ നിന്നും വലിയ അളവിൽ മുന്നോട്ടുപോകുന്നതിന് സാധിച്ചിട്ടില്ല എന്നതാണ് സമകാലത്തെ സാഹചര്യങ്ങളും വ്യക്തമാക്കുന്നത്.

സ്ത്രീകളെ പുതുനിർമിതികൾ ആക്കുന്നതിൽ വിദ്യാഭ്യാസം പൂർണ്ണ മായും വിജയിക്കുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ആശയങ്ങൾ കൈമാറുന്ന അധ്യാപനരീതികൾക്കും ലിംഗവ്യത്യാസങ്ങളെ ഉറപ്പിക്കുന്നതിൽ പങ്കുണ്ട്. പാഠഭാഗങ്ങൾ,അധ്യാപകരുടെ കാഴ്ചപ്പാടുകൾ, മാതാപിതാ ക്കന്മാരുടെ കാഴ്ചപ്പാടുകൾ എല്ലാം പെൺകുട്ടിയെ സ്വാധീനിക്കുകയും ചില നിയന്ത്രണങ്ങൾക്കുള്ളിൽ ജീവിക്കേണ്ടവളാണ് എന്ന് സ്വയം ബോധ്യം ഉണ്ടാക്കുകയും ചെയ്യുന്നു. ചില മേഖലകൾ മാത്രമാണ് തങ്ങൾക്കുള്ള ഇടം എന്ന ബോധ്യങ്ങളാണ് ഈ നിയന്ത്രണങ്ങൾ ഉണ്ടാക്കുന്നത്. മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും അവയെല്ലാം പരിമിതമാണ്. സാർവത്രികമായ മറ്റത്തിലേക്കു ഇനിയുമേറെ ദൂരമുണ്ട് എന്നതാണ് വസ്തുത.

**തൊഴിൽപങ്കാളിത്തം**

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം ചരിത്രപരമായി പ്രാധാന്യ മർഹിക്കുന്നു. ആദ്യകാല സമൂഹങ്ങളിൽ സ്ത്രീയും പുരുഷനും ഒരുമിച്ച് തൊഴിലുകളിൽ ഏർപ്പെട്ടിരുന്നുവെന്നും സമൂഹപരിണാമത്തിന്റെ അനന്തരഘ ട്ടങ്ങളിൽ സ്ത്രീ വീട്ടകങ്ങളിൽ മാത്രം ഒതുങ്ങേണ്ടിവരുകയും ചെയ്തു. ചില

തൊഴിൽ മേഖലകളിൽ മാത്രം സ്ത്രീകൾക്ക് പങ്കാളിത്തമുണ്ടായതായി കാണാം. അത്തരം സ്ത്രൈണവൽകൃത തൊഴിലുകളിൽ സ്ത്രീകൾ സാമൂഹ്യ മായി രൂപപ്പെടുകയും അത് തുടരുകയും ചെയ്യുന്നു. തൊഴിൽപരമായ വ്യത്യാ സങ്ങളെ സംബന്ധിച്ച് വിശദമായ പല പഠനങ്ങളും വിവിധ സമൂഹങ്ങളെ അടിസ്ഥാനപ്പെടുത്തി നടന്നിട്ടുണ്ട്. ലിംഗപരമായ തൊഴിൽ വിഭജനത്തെ സംബന്ധിച്ച ആശയങ്ങൾ ജോർജ് പീറ്റർ മർഡോക്ക്, ടാൽക്കോട്ട് പാർസൺ, ആൻ ഓക്ക്ലെ (ഹരാലംബോസ് & ഹോൾബോൺ, 2013) തുടങ്ങി ചില സമൂഹശാസ്ത്രചിന്തകരിൽ കാണാവുന്നതാണ്. ഇത്തരം സൈദ്ധാന്തിക വീക്ഷണങ്ങൾ ലിംഗപരമായ തൊഴിൽ വിഭജനത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച വ്യത്യസ്ത സൈദ്ധാന്തിക വിശദീകരണങ്ങൾ നൽകുന്നു.

മർഡോക്കിന്റെ (അതേ പുസ്തകം, 2013) അഭിപ്രായത്തിൽ ജീവശാസ്ത്ര വൈജാത്യങ്ങളാണ് (Biological difference) ലിംഗപരമായ തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനമായി സൂചിപ്പിക്കുന്നത്. പുരുഷന്റെയും സ്ത്രീ യുടെയും ശാരീരിക ക്ഷമത അവർ ഏർപ്പെടുന്ന തൊഴിലുകളെ നിശ്ചയിക്കുന്നു വെന്ന് അദ്ദേഹം പരാമർശിക്കുന്നു.

ഒരു വ്യവസായിക സമൂഹത്തിലെ (Industrial society) കുടുംബ പശ്ചാ ത്തലത്തിൽ ലിംഗപരമായ തൊഴിൽ വിഭജനത്തെ വിശകലനം ചെയ്യുന്ന പാർസൺ (അതേ പുസ്തകം, 2013) കുടുംബത്തിനാവശ്യമായ സ്ത്രീകളുടെ വികാരദ്യോതകമായ (Expressive)പങ്കും പുരുഷന്റെ ഉപകാരപ്രദമായ (Instrumental)പങ്കും വിശകലനം ചെയ്യുന്നു. കുടുംബത്തിനുള്ളിൽ സ്ത്രീ യുടെയും പുരുഷന്റെയും പങ്ക് എത്തരത്തിലാകണമെന്ന് പരാമർശിക്കുന്നു. ഒരു അണുകുടംബവ്യവസ്ഥയിൽ വികാരദ്യോതകമായ പിൻബലം നല്കാൻ കഴിയുന്ന സ്ത്രീയുടെ അനിവാര്യതയാണ് സുചിപ്പിക്കുന്നത്. ധർമ്മാധി ഷ്ഠിതമായ (Functional) കാഴ്ചപ്പാടിലൂടെ മാറ്റങ്ങൾ ഉൾക്കൊണ്ട കുടുംബ വ്യവസ്ഥ നിലനിർത്തുന്നതിന് ഇത്തരത്തിലുള്ള ലിംഗപരമായ തൊഴിൽ വിഭ ജനം ആവശ്യമാണ് എന്നതാണ് പാർസൺ (അതേ പുസ്തകം, 2013) സൂചിപ്പി ക്കുന്നത്. ഇവിടെ ഒരു അണുകുടുംബത്തിൽ കുഞ്ഞുങ്ങളെ പരിപാലി ക്കുന്നതിലൂടെയും കുടുംബത്തെ പുലർത്താനായി അദ്ധ്വാനിക്കുന്ന പുരുഷന് വൈകാരികമായ താങ്ങായി നിൽക്കുന്നതിനും സ്ത്രീയുടെ വികാര ദ്യോതകമായ (Expressive) പെരുമാറ്റം അത്യാവശ്യമാണെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഇവിടെ സ്ത്രീയുടെ ഇടവും പുരുഷന്റെ ഇടവും നിർണ്ണയി ക്കുന്നത് സാമൂഹ്യമാറ്റത്തിലുളവായ കുടുംബസംവിധാനത്തിന്റെ അനിവാര്യ തയായിട്ടാണ്.

സാമൂഹ്യമായും സാംസ്കാരികമായും വ്യക്തികളെ രൂപപ്പെടുത്തുന്ന ഘടകങ്ങളാണ് ലിംഗപരമായ തൊഴിൽ വിഭജനത്തിന് കാരണമാകുന്നതെന്ന് ആൻ ഓക്ക്ലെ (അതേ പുസ്തകം,2013)ചൂണ്ടിക്കാണിക്കുന്നു . ജൈവികമായ ഘടകങ്ങളെ ചോദ്യം ചെയ്തുകൊണ്ട് വ്യത്യസ്ത സമൂഹങ്ങളിലെ ലിംഗപര മായ തൊഴിൽവിഭജനം ജൈവികതയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടി ട്ടില്ല എന്നുള്ളത് തന്റെ എഴുത്തുകളിലൂടെ സുചിപ്പിക്കുന്നു. ലിംഗപരമായ

തൊഴിൽ വിഭജനത്തിനടിസ്ഥാനം സാംസ്കാരികമായി രൂപപ്പെട്ട ഘടക ങ്ങളാണെന്ന് ആൻ ഓക്ക്‌ലെ തന്റെ കണ്ടെത്തലുകളിലൂടെ സമർത്ഥിക്കുന്നു. ലിംഗപരമായ തൊഴിൽ വിഭജനത്തെ സംബന്ധിച്ച സൈദ്ധാന്തിക വിശകലനങ്ങൾ മർഡോക്ക്, പാർസൺ, ആൻ ഓക്ക്‌ലെ തുടങ്ങി മുകളിൽ സൂചിപ്പിച്ച സൈദ്ധാന്തികരിൽ ഒതുങ്ങുന്നില്ല. ലിംഗപരമായ അസമത്വത്തിന്റെ വിവിധ തലങ്ങളെ വിശകലനം ചെയ്യുന്ന വ്യത്യസ്ത സൈദ്ധാന്തിക വീക്ഷ ണങ്ങൾ കാണാവുന്നതാണ്.

പാരമ്പര്യ ജാതി മൂല്യങ്ങൾ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തത്തിൽ വ്യക്തമായ സ്വാധീനം ചെലുത്തിയതായി കാണാം. താഴ്ന്നതെന്ന് മുദ്രകു ത്തപ്പെട്ട ജാതി സമൂഹത്തിലെ സ്ത്രീകൾ പുരുഷൻമാരോടൊപ്പം ജോലി ചെയ്തിരുന്നു. സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹ്യചലനാത്മകതയും ആ വിഭാഗങ്ങളിലെ സ്ത്രീകൾക്ക് ലഭിച്ചിരുന്നു. ജാതിപരമായ വ്യത്യാസങ്ങളുടെ തീക്ഷ്ണത അത്തരം സ്ത്രീകളെ കൂടുതൽ ബാധിച്ചിരുന്നുവെങ്കിലും പൊതുയിടത്തിൽ പുരുഷനോടൊപ്പം സ്ത്രീകൾ പങ്കെടുത്തിരുന്നു. ജാതിവ്യവസ്ഥയ്ക്ക് ആവശ്യം അധ്വാനവർഗ്ഗത്തെയാണ് അവിടെ സ്ത്രീ പുരുഷഭേദങ്ങളുടെ പരിഗണനകൾക്ക് സ്ഥാനമില്ലായിരുന്നു. പൊതു ഇടം സ്വന്തമാക്കുമ്പോഴും അത്തരം സമൂഹങ്ങളിലെ സ്ത്രീകൾ വ്യത്യസ്ത ചൂഷണങ്ങളെ അനുഭവിക്കേണ്ടിയിരുന്നു. മിക്കവാറും എല്ലാ ജാതി സമൂഹ ങ്ങളിലെയും സ്ത്രീകൾ അവരുടെ കുലത്തൊഴിലനുസരിച്ചുള്ള തൊഴിലുകളിൽ ഏർപ്പെടുകയും സാമൂഹ്യനിലക്കനുസരിച്ച് തന്നെക്കാൾ ഉയർന്ന ജാതിസമൂ ഹങ്ങളിലെ സ്ത്രീകളുടെ ദാസ്യവേലപോലുള്ള തൊഴിലുകളിൽ ഏർ പ്പെട്ടിരുന്നു. എന്നാൽ ഉന്നത ശ്രേണിയിൽ ഉൾപ്പെട്ടവർക്ക് ജാതിമൂല്യങ്ങളുടെ കാർക്കശ്യത്താൽ തൊഴിൽ പങ്കാളിത്തം നിഷേധിക്കപ്പെട്ടിരുന്നു. അകത്ത ളങ്ങളിൽ ഒതുങ്ങാനാണ് അവർ വിധിക്കപ്പെട്ടത്.

പൊതുഇടത്തിന്റെ സാംസ്കാരിക മൂല്യങ്ങൾക്ക് ഉന്നതജാതി ശ്രേ ണിയുടെ സ്വാധീനമാണ് പൊതുവേ കാണുന്നത്. അതുകൊണ്ട് തന്നെ ഇത്തരം ജാതി മൂല്യങ്ങൾ സ്ത്രീയുടെ സാമൂഹ്യചലനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതായും, അത് പൊതുബോധമായി രൂപപ്പെടുത്തിയെടുക്കു ന്നതിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതായും മനസ്സിലാക്കാവുന്നതാണ്. പൊ തുവേ തൊഴിൽപങ്കാളിത്തം ഉണ്ടായിരുന്നതും ജാതി ശ്രേണിയിൽ താഴെ യെന്ന് കല്പിക്കപ്പെട്ടതുമായ വിഭാഗങ്ങളിലെ സ്ത്രീകളുടെ സ്വാതന്ത്ര്യവും പൊതുഇടങ്ങളിലുള്ള തൊഴിൽപങ്കാളിത്തവും സാമൂഹ്യമൂല്യങ്ങളായി നിർമ്മി ക്കപ്പെട്ടില്ല. പകരം അത്തരം തൊഴിലിടങ്ങളിലെ പങ്കാളിത്തം മോശമാണെന്ന ധാരണകളാണ് ഉന്നതശ്രേണിയിലുള്ളവർക്കുണ്ടായിരുന്നത്. പൊതുവേ ലോകത്തെല്ലായിടങ്ങളിലും തൊഴിൽ ചെയ്യുന്നവർ സാമൂഹ്യശ്രേണിയിൽ താഴ് ത്തപ്പെട്ടവരായിരുന്നു. അതുകൊണ്ടുതന്നെ തൊഴിൽ ചെയ്യുക എന്നത് മാന്യതയുള്ള ഒന്നായി കണ്ടിരുന്നില്ല. ഇത്തരത്തിൽ ജാതികാർക്കശ്യങ്ങൾ വ്യക്തമായ അസമത്വം സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തിലും അതുവഴി പൊതു ഇടത്തിലെ ചലനസ്വാതന്ത്ര്യത്തിലും തടയിട്ടതായി കാണാം. ജാതിപ രമായ വ്യത്യാസങ്ങൾ ആദ്യകാലത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത

ത്തിൽ വ്യത്യസ്തതകൾ കൊണ്ടുവന്നെങ്കിലും നവോത്ഥാനാനന്തരം ജാതിഭേദമെന്യേ മിക്കവാറും എല്ലാ വിഭാഗങ്ങളിലെയും സ്ത്രീകൾ തൊഴിലിടങ്ങൾ സ്വന്തമാക്കി. എന്നാൽ നവോത്ഥാനം രൂപപ്പെടുത്തിയ ആദർശാത്മക സ്ത്രീത്വം 'കുടുംബിനി'യുടെതായിരുന്നു. കൊളോണിയൽ സദാചാരബോധം ഉൾക്കൊണ്ട പൊതുവായ മാതൃകയ്ക്കുള്ളിൽ എല്ലാ സ്ത്രീകളും രൂപപ്പെട്ടു. അതുകൊണ്ട് തന്നെ നവോത്ഥാനനന്തര കുടുംബസംവിധാനത്തിലും സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം അനിവാര്യമായ ഒന്നായി കണ്ടിരുന്നില്ല. കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളുടെ പേരിൽ തൊഴിലിൽ നിന്നും ഒഴിവായി നിൽക്കേണ്ടുന്നവരായിട്ടോ അല്ലെങ്കിൽ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും ചെയ്തുതീർത്തുകൊണ്ട് തൊഴിലിടങ്ങളിൽ പങ്കാളിയാകേണ്ടുന്നവർ എന്ന നിലയ്ക്കോ ഉള്ള പൊതുബോധമാണ് രൂപപ്പെട്ടത് . ഈ പൊതുബോധ നിർമിതി ജാതിമത ഭേദമെന്യേ രൂപപ്പെട്ടു. എന്നാൽ വീട്ടുത്തരവാദിത്തങ്ങളുടെ ഭാരം ഉണ്ടായിട്ടും അവയൊക്കെ അതിജീവിച്ച് തൊഴിലിടങ്ങളിലേക്ക് ഇറങ്ങാൻ സ്ത്രീകളെ പ്രേരിപ്പിച്ച ചില ഘടകങ്ങളിൽ പ്രധാനമായ സാമ്പത്തിക സ്വാതന്ത്ര്യവും, സാമൂഹ്യ പദവിയും,ആഗ്രഹിച്ച ഒരുപാട് സ്ത്രീകൾ തൊഴിലിടങ്ങൾ സ്വന്തമാക്കി.

ലിംഗപരമായ തൊഴിൽ വിഭജനവും അതിനോടനുബന്ധിച്ച ചൂഷണവുമാണ് പൊതുയിടത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ പ്രധാന പ്രശ്നം. ഗാർഹിക ഉത്തരവാദിത്തങ്ങളിൽ സ്ത്രീക്കും പുരുഷനും കല്പിച്ച് നല്കിയിട്ടുള്ള വിഭജനത്തിന്റെ പ്രതിഫലനമാണ് പൊതുയിടത്തിലുള്ള ഇത്തരം വിഭജനത്തിനും ചൂഷണത്തിനും കാരണമെന്ന ചില നിരീക്ഷണങ്ങൾ നിവേദിതാ മേനോൻ തന്റെ പുസ്തകത്തിൽ (വിവ:ജെ ദേവിക,2017) നല്കുന്നു. അതായത് വീട്ടുത്തരവാദിത്തങ്ങളുടെ സമാനസ്വഭാവം പുലർത്തുന്നവ പൊതുഇടത്തിലും കാണാമെന്നും സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിൽ പദവികളും ഉത്തരവാദിത്തങ്ങളും പുനർ-നിർണ്ണയിക്കപ്പെട്ടാൽ സാമൂഹികമായ പുതിയ നിർമിതികളായി രൂപപ്പെടുന്നതിൽ സ്ത്രീകൾ പരാജയപ്പെടുകയില്ലായെന്നും അഭിപ്രായപ്പെടുന്നു. കൂടാതെ ഗാർഹിക ഇടമായാലും പൊതുഇടമായാലും ലിംഗപരമായ തൊഴിൽ വിഭജനം നിലനില്ക്കുന്നതിനു കാരണം അതിന് പിന്നിൽ പ്രവർത്തിക്കുന്ന നമ്മുടെ ജീവിതവീക്ഷണത്തെയും, പ്രതീക്ഷകളെയും, ദൈനംദിന ജീവിതത്തിന്റെ ദിക്കും ദിശയും നിർണ്ണയിക്കുന്ന രീതികളെ രൂപപ്പെടുത്തുന്ന ആശയസമുച്ചയങ്ങളുൾപ്പെട്ട പ്രത്യയശാസ്ത്രമാണെന്നും അല്ലാതെ ജീവശാസ്ത്രമല്ലെന്നുമാണ് (അതേ പുസ്തകം,2017). ഇത്തരം പ്രത്യയശാസ്ത്രധാരണകൾ പൊതുമണ്ഡലങ്ങളിലെ സ്ത്രീ ഇടപെടലുകളുടെ വ്യാപ്തി കുറയ്ക്കുന്നു. അവളുടെ ഇടം ചുരുങ്ങുന്നതിലേയ്ക്ക് നയിക്കുന്നു. പക്ഷേ ജീവശാസ്ത്രഘടകങ്ങളുടെ കൂടെ അടിസ്ഥാനത്തിലുള്ള പൊതുബോധ മൂല്യങ്ങൾ സ്ത്രീപദവി നിർണയിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നതായി കാണാം. അവയോട് ചേർന്ന് നിന്നുകൊണ്ടാണ് പ്രത്യയശാസ്ത്രങ്ങളും ആശയങ്ങളും പൊതുബോധം രൂപപ്പെടുത്തിയിട്ടുള്ളത്.

തൊഴിൽ മേഖലയിൽ സ്ത്രീകൾ അനുഭവിക്കുന്ന ഇത്തരം പ്രശ്ന

ങ്ങളെ വിശകലനം ചെയ്യുമ്പോൾ സിൽവിയ വാൽബിയുടെ(1990) നിരീക്ഷണങ്ങൾ പ്രാധാന്യമർഹിക്കുന്നു. ഒരു പൊതുഇടം എന്ന നിലയിൽ തൊഴിൽ മേഖലയിൽ നിലനില്ക്കുന്ന ചൂഷണപരമായ പുരുഷാധിപത്യത്തെ സംബന്ധിച്ച ചില നിരീക്ഷണങ്ങളാണവ. മുൻ ഭാഗത്ത് സൂചിപ്പിച്ചത് പോലെ പുരുഷാധിപത്യം പ്രവർത്തിക്കുന്ന ഗാർഹിക ഇടത്തെക്കുറിച്ചും പൊതു ഇടത്തെക്കുറിച്ചും സിൽവിയ വാൽബി പരമാർശിക്കുന്നുണ്ട്. ഗാർഹിക ഇടത്തിലെ പുരുഷാധിപത്യം (Private patriarchy) പൊതുഇടത്തിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം നിഷേധിച്ചുകൊണ്ട് വരുമാനമുള്ള തൊഴിലിൽ നിന്നും അവളെ ഒഴിവാക്കി നിർത്തുന്നു. എന്നാൽ സ്ത്രീകൾ പൊതുഇടത്തിലേക്ക് പ്രവേശിച്ചപ്പോൾ പുരുഷാധിപത്യം അവളെ തൊഴിലിൽ ഏർപ്പെടാൻ അനുവദിക്കുകയും അതേസമയം തൊഴിലിന്റെ ചില മേഖലകളിലേക്ക് മാത്രമോ അല്ലെങ്കിൽ വരുമാനം കുറഞ്ഞ താണ തരം തൊഴിലുകളിലേക്കോ മാത്രമായി നിലനിർത്തുന്ന പ്രവണതയാണ് കാണാൻ സാധിക്കുന്നതെന്ന് സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ഗാർഹികഇടവും പൊതുഇടവും പുരുഷാധിപത്യത്തിന്റെ ചൂഷണങ്ങളിൽ നിന്ന് മുക്തമല്ലെന്ന് സമർത്ഥിക്കുന്നു. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തെ സംബന്ധിച്ച വിവിധ റിപ്പോർട്ടുകളും പഠനങ്ങളും ഇതു വ്യക്തമാക്കുന്നു.

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തെ സംബന്ധിച്ച വ്യത്യസ്ത വർഷങ്ങളിലെ വിവിധ കണക്കുകൾ പരിശോധിക്കുകയാണിവിടെ. 2001 സെൻസസ് റിപ്പോർട്ട് അനുസരിച്ച് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് ഏറ്റവും കുറഞ്ഞത്. 1991, 2001 സെൻസസ് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലിൽ വളരെ കുറഞ്ഞ സ്ത്രീ തൊഴിൽപങ്കാളിത്തം നിലനില്ക്കുന്നതായി കേരളപഠനത്തിൽ സൂചിപ്പിക്കുന്നു. കാർഷിക രംഗത്തെ മുരടിപ്പ്, വ്യാവസായ മേഖലയുടെ അവികസിതാവസ്ഥ, പരമ്പരാഗത മേഖലയുടെ തകർച്ച എന്നിവയാണ് അതിനു പിന്നിലെ കാരണങ്ങളായി കേരളപഠനത്തിൽ പരാമർശിക്കുന്നത്. കൂടാതെ സാമ്പത്തിക ഘടകങ്ങൾക്കപ്പുറം സാംസ്കാരികമായ പല ഘടകങ്ങളും സ്ത്രീകളുടെ തൊഴിൽപങ്കാളിത്തക്കുറവിനെ സ്വാധീനിക്കുന്നു എന്നും കേരളപഠനത്തിൽ (2006) സൂചിപ്പിക്കുന്നു.

2008 ലെ കേരളവികസന റിപ്പോർട്ട് വളരെ പ്രധാനപ്പെട്ട ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. കേരളത്തിലെ സ്ത്രീതൊഴിൽ പങ്കാളിത്തം കേരളത്തിലെ തന്നെ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോഴും ഇന്ത്യയിലെ സ്ത്രീപങ്കാളിത്തവുമായി തട്ടിച്ചു നോക്കുമ്പോഴും പരിമിതമാണ്. 1987–88 കാലഘട്ടം മുതൽ പുരുഷ തൊഴിൽ പങ്കാളിത്തം കൂടി വരുകയും സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് (Work Participation Rate)1990 കളുടെ ആരംഭം മുതൽ സ്ഥായിയായി നിൽക്കുകയും ചെയ്യുന്നതായി റിപ്പോർട്ട് പറയുന്നു. വിദ്യാസമ്പന്നരായവരുടെ ഇടയിലെ തൊഴിലില്ലായ്മ നോക്കുമ്പോൾ ലിംഗപരമായിട്ടുള്ള വ്യത്യാസം വളരെ കൂടുതലായി കാണാം. തൊഴിലിലെ ലിംഗപരമായിട്ടുള്ള വ്യത്യാസത്തിന്റെ സ്ഥിരമായ തുടർച്ചയാണ് വികസന റിപ്പോർട്ടിൽ കാണുന്നത്.

2011-ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക് 52.7% ആകുമ്പോൾ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 18.7 ശതമാനം മാത്രമാണ് (ഡോ. സി. പ്രദീപ്, 2016). 2012 – 2014 സാമ്പത്തിക അവലോകന റിപ്പോർട്ട് നല്കുന്ന കണക്കുകൾ പ്രകാരം സംഘടിത മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ നിരക്ക് 42 ശതമാനമായി കാണുന്നു. NSSO (National Sample Survey) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ LFPR (Labor Force Participation Rate), WPR (Work Participation Rate) എന്നീ അളവുകോലുകളിൽ സ്ത്രീ പങ്കാളിത്തം കുറഞ്ഞിരിക്കുന്നതായി 2021 സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. എന്നാൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് നഗര പ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടുതലായി കാണാം. FWPR (Female Work Participation Rate) 2018-19 കാലയളവിൽ നിന്നും 2019-20 കാലയളവിൽ LFPR (Labor Force Participation Rate), WPR (Work Participation Rate) എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ പങ്കാളിത്തം വർദ്ധിച്ചതായി സൂചിപ്പിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നേരിയ മെച്ചപ്പെടൽ ഉണ്ടായതായും സൂചിപ്പിക്കുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ സന്ദർഭത്തിൽ വീണ്ടും തൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞു.

പുതിയ തൊഴിൽ മേഖലയിൽ ഇന്ന് സ്ത്രീകൾ കൂടുതലായി കടന്നു വരുന്നു. ചില മേഖലകളിലേക്ക് മാത്രം സ്ത്രീപങ്കാളിത്തം ചുരുങ്ങിയത് മാറി മിക്കവാറും എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകൾ കടന്നുവരുന്നുണ്ട്. പോലീസ്, എക്സൈസ് എന്നീ മേഖലകളിൽ ഈ അടുത്ത വർഷങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തം നൽകുകയുണ്ടായി . 2017 ൽ 605 പോലീസ് കോൺസ്റ്റബിൾസ് (സ്ത്രീ കമാൻഡൻഡ് ആയിട്ടുള്ള സ്ത്രീ പോലീസ് ബറ്റാലിയൻ ഉൾപ്പെടെ) നിയമിതരായി. 2018 ൽ 154 സ്ത്രീകൾ നിയമിതരായി. എക്സൈസ് വിഭാഗത്തിൽ 2018 ൽ പട്രോളിംഗിന് 133 സ്ത്രീകൾ നിർദ്ദേശിക്കപ്പെട്ടു. മഹാമാരിയായ കോവിഡിന് ശേഷം ആരോഗ്യപ്രവർത്തന രംഗത്തുള്ള സ്ത്രീ തൊഴിലാളികളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട് (കേരള സാമ്പത്തിക അവലോകന റിപ്പോർട്ട്, 2021).

മുൻ സൂചിപ്പിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് സ്ഥായിയായി പരിമിതമായിരുന്ന തൊഴിൽപങ്കാളിത്ത നിരക്കിൽ ഈ അടുത്ത കാലങ്ങളിൽ നേരിയ വ്യത്യാസം വന്നു തുടങ്ങിയിട്ടുണ്ടെന്നാണ്. കൂടാതെ വിവിധ തരത്തിലുള്ള പുതിയ തൊഴിൽ മേഖലകളിലേക്കും സ്ത്രീകൾ കടന്നുവരുന്നുണ്ട്. ജീവശാസ്ത്രപരമായ പൊതുബോധത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളെ ചില തൊഴിലുകളിൽ നിന്നും മാറ്റി നിർത്തിയെങ്കിലും ഇന്ന് എല്ലാ മേഖലകളിലും സ്ത്രീകൾ തങ്ങളുടെ സാന്നിധ്യം അറിയിച്ചു കഴിഞ്ഞു. പാരമ്പര്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ത്രീ ചൂഷണങ്ങളെ അതിജീവിച്ചുകൊണ്ട്, പുതുരീതിയിൽ സ്ത്രീകർതൃത്വത്തെ നിർമ്മിച്ചെടുക്കുന്നതിൽ പൊതുവായ പല ഘടകങ്ങളുടെയും സ്വാധീനത്തിലൂടെ കഴിഞ്ഞുവെന്ന് പറയാം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറയുന്നതിലുള്ള പലവിധ കാരണങ്ങളിൽ ഒന്ന് കുടുംബത്തിലെ ഉത്തരവാദിത്തങ്ങളാണ്. കുഞ്ഞുങ്ങളെ വളർത്തുക, പ്രായമായവരുടെ പരിചരണം തുടങ്ങിയ കുടുംബത്തിന്റെ

ഉത്തരവാദിത്തങ്ങൾ സ്ത്രീകളുടേതാണെന്നുള്ള പുരുഷാധിപത്യ പൊതുബോധം നിലനിൽക്കുന്നു. തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകൾക്കും ഇത്തരം ഉത്തരവാദിത്തങ്ങൾ ചെയ്തുകൊണ്ട് മാത്രമേ തൊഴിലിന്റെ ഭാഗമാകാൻ സാധിക്കുകയുള്ളൂ. അധ്വാനിച്ച് കുടുംബത്തെ പുലർത്തുന്ന പുരുഷന് ലഭിക്കുന്ന അതേ അംഗീകാരം അധ്വാനിക്കുന്ന സ്ത്രീക്ക് ലഭിക്കുന്നില്ല.

ഏതെങ്കിലും ഒരു ഇടത്തിലെ പ്രാവണ്യം ഈ രണ്ടു ഉത്തരവാദിത്തങ്ങളിൽ ഒന്നിനെ പരിത്യജിച്ചു കൊണ്ടാണ് പലപ്പോഴും നേടാൻ സാധിക്കുന്നത്. പ്രബുദ്ധ സാക്ഷര കേരളം പൊതു ഇടത്തിൽ സ്ത്രീകളെ പങ്കാളിയാക്കിയപ്പോഴും സമഭാവനയും, തുല്യതയും അവിടെ കൊണ്ടുവരാൻ ശ്രമിച്ചില്ല. പകരം കുടുംബത്തിന്റെ നിലനിൽപ്പ് ആഗ്രഹിക്കുന്ന സ്ത്രീ ഇവയോടൊക്കെ പൊരുത്തപ്പെട്ട് നിൽക്കേണ്ട അവസ്ഥയിലാണ്. സ്ത്രീയെ രൂപപ്പെടുത്തിയിരിക്കുന്നതും ഈ സാഹചര്യങ്ങളോട് പൊരുത്തപ്പെടാനാണ്. സമാനമായ ചില നിരീക്ഷണങ്ങൾ, അതായത് കുടുംബപ്രാരാബ്ധങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷിതത്വമില്ലായ്മ എന്നിവ സ്ത്രീയെ തൊഴിലിടങ്ങളിൽ നിന്നും അകറ്റുന്നുവെന്ന് ഷീബ എം കുര്യൻ(2017) തന്റെ പഠനത്തിൽ വ്യക്തമാക്കുന്നു .

തൊഴിൽ മേഖലയിലെ വിവേചനങ്ങളെയും വേതനങ്ങളിലെ വ്യത്യാസങ്ങളെയും സംബന്ധിച്ച് കേരളത്തിൽ കാണുന്ന ചില പ്രവണതകളെ കേരളപഠനത്തിൽ (2006) സൂചിപ്പിക്കുന്നുണ്ട്, അതായത് പ്രാഥമിക മേഖലയിലും ദ്വിതീയ മേഖലയിലും തൊഴിലെടുക്കുന്ന സ്ത്രീകളുടെ വരുമാനം പുരുഷന്മാരുടേതിനേക്കാൾ കുറവാണെന്ന് കാണിക്കുന്നു. കൂടാതെ ഏറ്റവും കുറവ് വരുമാനമുള്ള തൊഴിലുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചതിലും സ്ത്രീകൾ ഏർപ്പെടുന്ന തൊഴിലുകളിലാണ് കുറഞ്ഞ വരുമാനം കാണുന്നത്. അസംഘടിത മേഖലകളിലാണ് ഇത്തരം വേതന വ്യത്യാസങ്ങൾ കൂടുതലായി കാണുന്നത്. സ്ത്രീകൾ കൂടുതലായിട്ട് തൊഴിലെടുക്കുന്ന മേഖലകളിലും അവർക്ക് നൽകുന്ന വരുമാനം കുറഞ്ഞിരിക്കുന്ന സാഹചര്യങ്ങൾ ഉണ്ട്. കേരളത്തിൽ അടുത്ത കാലത്ത് (2017 ൽ) നടന്ന സ്വകാര്യമേഖലയിലെ നഴ്സിംഗ് സമരവും മെച്ചമായ വേതനം ആവശ്യപ്പെട്ട് കൊണ്ടായിരുന്നു. സ്ത്രീകൾ അധികമായി ഏർപ്പെടുന്ന ഒരു തൊഴിൽ മേഖലയാണിത്. അതുകൊണ്ട് തന്നെ തുച്ഛമായ വേതനം മാത്രം നൽകിയിരുന്ന അവസ്ഥയെ മറികടക്കുന്നതിന് സമരത്തിലൂടെ സാധിച്ചു. കൂടാതെ അങ്കനവാടി അധ്യാപികമാർ, ആയമാർ എന്നിവർക്കും തുച്ഛമായ വരുമാനമാണ് നല്കിയിരുന്നത്. അവരുടെ ശമ്പളത്തിൽ കലാനുസൃതമായ നേരിയ വർദ്ധനവ് നൽകിയതും ഈ അടുത്ത കാലത്താണ്. ഇടുക്കിയിലെ തോട്ടം തൊഴിലാളി സ്ത്രീകളുടെ ഇടയിൽ നടന്ന 'പൊമ്പിളൈ ഒരുമൈ' സമരവും (2015 ൽ) കുറഞ്ഞ വേതനത്തെയാണ് പ്രധാനമായും ഉന്നയിച്ചത്.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് ലൈംഗിക ചൂഷണങ്ങളും അതിക്രമങ്ങളും നേരിടേണ്ടി വരുന്ന സാഹചര്യങ്ങളും നിലനില്ക്കുന്നു. ജോലി സ്ഥലത്തെ ലൈംഗിക അതിക്രമം സ്ത്രീകൾ പരസ്യപ്പെടുത്തുന്നതിലൂടെ

അത്തരം അതിക്രമത്തിന്റെ വർദ്ധനവ് എത്രമാത്രം നിലനില്ക്കുന്നുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും ലൈംഗിക ചൂഷണങ്ങളെ ചെറുക്കുന്നതിനായി ആരംഭിച്ച 'മീ ടൂ പ്രസ്ഥാനം' കേരളത്തിൽ ഉൾപ്പെടെ അത്തരം ചൂഷണങ്ങളുടെ ആഴം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്.

" ' സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം കൂടിയാണ് തൊഴിലിലെ പങ്കാളിത്തം. പക്ഷെ പലപ്പോഴും തൊഴിൽ ലഭ്യതക്കുറവ്, വേതനങ്ങളിലെ വ്യത്യാസം, സ്വന്തം വേതനം കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യമില്ലായ്മ ചരിത്രപരമായി രൂപപ്പെട്ട പ്രത്യയശാസ്ത്ര ധാരണകൾ എന്നിവ ഇത്തരം ശാക്തീകരണത്തിന് തടസ്സമായി നില്ക്കുന്നുണ്ട്. എന്നാൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് പൊതുവേ വിദ്യാഭ്യാസ യോഗ്യത മാത്രമുള്ള സ്ത്രീകളേക്കാൾ കുടുംബത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങളിൽ പങ്കാളിയാകാൻ സാധിക്കുന്നുണ്ട്. ഇതിനെ സാധൂകരിക്കുന്ന കണ്ടെത്തൽ കേരളപഠനം റിപ്പോർട്ടിലും (2006) കാണാവുന്നതാണ്. മരുമക്കത്തായം നിലനിന്ന നായർ വിഭാഗത്തിലെ സ്ത്രീകളുടെ ലിംഗബന്ധത്തിലെ വില പേശൽ ശേഷിയെ വർദ്ധിപ്പിക്കുന്നതിൽ സ്വത്തവകാശവും, തൊഴിലും പുതിയ തലമുറയിലെ സ്ത്രീകളെ സഹായിച്ചുവെന്ന നിരീക്ഷണം ആൻറണി പാലയ്ക്കലും, ലേഖയും (2023) തങ്ങളുടെ ലേഖനത്തിൽ നല്കുന്നു.

പുതിയ തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം, അവകാശങ്ങൾക്ക് വേണ്ടി അടുത്തിടെ നടന്ന സമരങ്ങൾ, ലൈംഗിക ചൂഷണങ്ങൾക്കെതിരെയുള്ള സ്ത്രീകളുടെ പുതു പ്രവർത്തനങ്ങൾ, എന്നിവ പുരുഷാധിപത്യ മൂല്യങ്ങൾക്കും സാമൂഹികമായി സ്ത്രീകളെ അടിച്ചമർത്തുന്ന പ്രത്യയ ശാസ്ത്രങ്ങൾക്കും എതിരെയുള്ളതാണ്. പക്ഷേ അവയുടെ സാർവത്രിക ഫലങ്ങൾ പരിമിതമാണ്.

**രാഷ്ട്രീയ പങ്കാളിത്തം**

പൊതുഇടങ്ങളിലെ സ്ത്രീ പങ്കാളിത്തത്തിന്റെ കാര്യത്തിൽ ഏറ്റവും കുറവുള്ള മേഖലയാണ് രാഷ്ട്രീയമേഖല. ഐക്യകേരള രൂപീകരണത്തിനു മുമ്പും പിമ്പും സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. നവോത്ഥാന കാലഘട്ടം തുടങ്ങിയുള്ള പരിഷ്ക്കരണപ്രസ്ഥാനങ്ങളിൽ വിദ്യാഭ്യാസം, തൊഴിൽപങ്കാളിത്തം എന്നിവയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുകയും ജനാധിപത്യഭരണ സംവിധാനങ്ങളിൽ ഉൾപ്പെടെ അത്തരം പ്രവർത്തനങ്ങളുടെ തുടർച്ച ഉണ്ടാകുകയും ചെയ്തു. എന്നാൽ ദേശീയ പ്രസ്ഥാനങ്ങൾ, സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ എന്നിവയിൽ സ്ത്രീകൾക്ക് ലഭിച്ച സമരപങ്കാളിത്തം ജനാധിപത്യ ഭരണസംവിധാനങ്ങളിലേക്കുള്ള പ്രവേശനത്തിൽ സംഭവിച്ചിട്ടില്ല. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം ഉറപ്പിക്കുന്നതിനോ അധികാരത്തിൽ സ്ത്രീ പങ്കാളിത്തം ബോധപൂർവ്വം പ്രോത്സാഹിപ്പിക്കുന്നതിനോ പുരുഷാധിപത്യ സമൂഹം താല്പര്യമെടുത്തില്ല. രാഷ്ട്രീയ പങ്കാളിത്തവും സാമൂഹിക പ്രവർത്തനവും 'നല്ല കുടുംബിനി' എന്ന മാതൃകയിലൊതുങ്ങുന്ന സ്ത്രീകൾക്ക് അനുയോജ്യമല്ലെന്ന പൊതുബോധം രൂപപ്പെടുത്താൻ പുരുഷാധിപത്യ പ്രത്യയ

ശാസ്ത്രങ്ങൾക്ക് കഴിഞ്ഞുവെന്നത് വസ്തുതയാണ്.

മരുമക്കത്തായ സമ്പ്രദായം പ്രാദേശിക വ്യത്യാസങ്ങളോട് കൂടിയാണെങ്കിലും കേരളത്തിലെ ചില ജാതിസമൂഹങ്ങളിൽ നിലനിന്നിരുന്നുവെങ്കിലും സ്ത്രീകളുടെ അധികാരം അത്രമേൽ സ്വീകാര്യമായ ഒന്നായി മലയാളി സമൂഹം കാണുന്നില്ല. മരുമക്കത്തായ സമുദായങ്ങളിൽ പൊതുവേ കാരണവരാണ് പ്രധാന തീരുമാനങ്ങൾ എടുത്തിരുന്നതെന്ന കണ്ടെത്തലുകൾ പഠനങ്ങളിൽ കാണാവുന്നതാണ്(ശാരദാമണി,1999). സ്ത്രീകൾക്ക് അധികാരവും അവകാശങ്ങളും നൽകിയിരുന്ന അവസ്ഥ മാതൃദായ കുടുംബക്രമത്തിൽ പോലും കാണാൻ സാധിക്കില്ലെന്ന വസ്തുതയാണ് ഇതിൽനിന്ന് തെളിയുന്നത്. മുൻഭാഗത്ത് സൂചിപ്പിച്ച കെ.എൻ ഗണേശിന്റെ നിരീക്ഷണങ്ങൾ ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്. പിതൃഅധികാരഘടനയുടെ വ്യാപനം പുരുഷാധിപത്യമൂല്യങ്ങൾ ശക്തമാക്കുന്നതിനിടയാക്കി. അധികാരം പുരുഷനിൽ മാത്രം നിലനില്ക്കുന്ന ഗാർഹിക ഇടങ്ങളുടെ രീതികൾ തന്നെയാണ് പൊതുഇടങ്ങളിലും കാണുന്നത്. നേരത്തെ സൂചിപ്പിച്ചത് പോലെ ഉന്നതശ്രേണിയിലുള്ള വിഭാഗങ്ങളുടെ മൂല്യങ്ങൾ പൊതുസമൂഹത്തിൽ അംഗീകരിക്കപ്പെട്ടപ്പോഴും സ്ത്രീകളുടെ അധികാരപദവി ഉയർത്തുന്നതിൽ ബോധപൂർവ്വമായ ശ്രമമുണ്ടായില്ല . പിതൃഅധികാരഘടന കൃത്യമായി രൂപപ്പെടുത്തിയെടുക്കുന്നതോടൊപ്പം അധികാരം പൂർണ്ണമായും പുരുഷനിൽ നിലനിർത്തുന്ന ഘടകങ്ങളെയാണ് പൊതുസമൂഹം പ്രോത്സാഹിപ്പിച്ചത്. മരുമക്കത്തായ രീതികൾ പിൻതുടർന്ന സമൂഹങ്ങളിൽപ്പോലും പിതൃഅധികാരഘടനയുടെ ശക്തമായ ഉറപ്പിക്കലുകളാണ് നടക്കുന്നത്. അതായത് കുടുംബഘടനയിലെ അധികാരം പൂർണ്ണമായും തങ്ങളിൽത്തന്നെ നിലനിർത്തണമെന്ന മനോഭാവം പുരുഷസമൂഹത്തിൽ രൂപപ്പെട്ടതായി കാണാം. ഈ അർത്ഥത്തിൽ പരിശോധിക്കുമ്പോൾ 'അധികാരം' എന്നത് പുരുഷന്റേത് മാത്രമായി നിജപ്പെടുത്തുന്ന സാമൂഹ്യവ്യവസ്ഥയെ സംജാതമാക്കുകയാണ് ചെയ്തത്. ജാതി വ്യത്യാസങ്ങൾക്കനുസൃതമായി സ്ത്രീകളുടെ ചലനസ്വാതന്ത്ര്യവും, അധികാരവും വ്യത്യസ്തമായിരുന്നെങ്കിലും മാറിവന്ന സാമൂഹ്യസാഹചര്യങ്ങളിലെല്ലാം സ്ത്രീകൾക്കെതിരെയുള്ള അടിച്ചമർത്തലുകളും, ചൂഷണവും സ്ഥിരമായി തുടരുകയും പുതുഭാവം കൈവരിക്കുകയും അധികാരം സ്ത്രീക്ക് അന്യമാണെന്ന ബോധ്യത്തെ ഉറപ്പിക്കുകയും ചെയ്തു.

ഭരണസംവിധാനങ്ങളിൽ വർഷങ്ങളായുള്ള സ്ത്രീകളുടെ എണ്ണത്തിൽ ഉള്ള കുറവ് ഇതിന് പ്രധാന തെളിവാണ്. രാഷ്ട്രീയത്തിലേക്കുള്ള സ്ത്രീകളുടെ പരിമിതമായ കടന്നുവരവിനെ സംബന്ധിച്ച വിലയിരുത്തലുകളിൽ ജെ. ദേവിക (2015) വളരെ വ്യക്തമായി സൂചിപ്പിക്കുന്ന ഒരു കാര്യം രാഷ്ട്രീയ നേതാക്കളും സമുദായ നേതാക്കന്മാരും രാഷ്ട്രീയമെന്നത് സ്ത്രീകൾക്ക് പറ്റിയ രംഗമല്ല എന്ന് പ്രഖ്യാപിക്കുന്നതായും കൂടാതെ രാജ്യസേവനത്തിൽ സ്ത്രീകൾക്ക് താൽപര്യം ഉണ്ടായാലും അധികാരമോഹമില്ലാതെ സേവനത്തിനുവേണ്ടി മാത്രം പ്രവർത്തിക്കണമെന്നുള്ള ഉപദേശങ്ങളാണ് നൽകിയിരുന്നത് എന്ന് സൂചിപ്പിക്കുന്നുണ്ട്. ഇവിടെയൊക്കെ കാണുന്ന വസ്തുത അധികാരം പുരുഷന്റേത് മാത്രമാകണമെന്ന നിർബന്ധങ്ങളാണ്.

കേരളത്തിലെ ആദ്യകാല ജനാധിപത്യ സംവിധാനങ്ങളിലെ സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം പരിശോധിക്കുകയാണെങ്കിൽ അധികാരപരമായി പദവികളിൽ എത്തിയ സ്ത്രീകളുടെ എണ്ണം കുറവാണ്. ജനാധിപത്യ സമ്പ്രദായത്തിന്റെ അടിസ്ഥാനഘടകങ്ങളാണ് വോട്ടവകാശവും തെരെഞ്ഞെടുപ്പും. ലോകത്തിൽ മിക്കവാറും എല്ലാ രാജ്യങ്ങളും പുരുഷൻമാർക്ക് വോട്ടവകാശം നൽകിയിരുന്നുവെങ്കിലും സ്ത്രീകൾക്ക് വോട്ടവകാശം നിഷേധിച്ചിരുന്നു. സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ് (ആർ. രാധാകൃഷ്ണൻ,2016). ബ്രിട്ടീഷ് ഇന്ത്യയിലും ഭൂവുടമകൾക്കും, നികുതിദായകരായ പുരുഷന്മാർക്കും മാത്രമേ വോട്ടവകാശം നൽകിയിരുന്നുള്ളൂ. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ സർവലൗകിക വോട്ടവകാശം പ്രാബല്യത്തിൽ വന്നതോടെ സ്ത്രീകൾക്കും വോട്ടവകാശത്തിന്റെ സാധ്യതയുണ്ടായി. 1888 ൽ തിരുവിതാംകൂറിൽ ഒരു നിയമസഭ നിലവിൽ വരികയും 1921 ൽ അത് പുനഃസംഘടിപ്പിക്കുകയും ചെയ്തു. പുനഃസംഘാടനത്തിന്റെ സമയത്ത് സ്ത്രീകൾക്കും വോട്ടവകാശം നൽകിയ നടപടി വളരെ പ്രധാനപ്പെട്ട ഭരണപരിഷ്കാരമായിരുന്നു. അതുപോലെ വിവിധ കാലഘട്ടങ്ങളിലെ നിയമസഭകളിൽ സ്ത്രീകൾ നാമനിർദ്ദേശങ്ങളിലൂടെ അധികാരത്തിൽ വരുകയും ചെയ്തിരുന്നു. കാലക്രമേണ തെരഞ്ഞെടുപ്പുകളിൽ സ്ത്രീകൾ മത്സരിച്ച് നിയമസഭകളിൽ അംഗമാകുന്ന സാഹചര്യവും ആ കാലയളവിൽ തിരുവിതാംകൂറിൽ നിലനിന്നു. കൊച്ചിയിലും 1925 ൽ നിയമനിർമ്മാണസഭ നിലവിൽ വന്നു. നിയമനിർമ്മാണസഭ വന്ന നാൾ മുതൽ സ്ത്രീ പങ്കാളിത്തം നാമനിർദ്ദേശത്തിലൂടെ ഉറപ്പാക്കിയിരുന്നു. 1949 ൽ രൂപം കൊണ്ട തിരു - കൊച്ചി സംസ്ഥാനത്തും സ്ത്രീകൾ പങ്കാളികളായി ഉണ്ടായിരുന്നു. മദ്രാസ് പ്രസിഡൻസിക്ക് കീഴിലായിരുന്ന മലബാർ മേഖലയ്ക്ക് ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് നിയമനിർമ്മാണസഭയിൽ പ്രാതിനിധ്യം ലഭിച്ചുവെങ്കിലും 1956 ൽ കേരളസംസ്ഥാന രൂപീകരണം വരെ മലബാർ ജില്ലയെ പ്രതിനിധീകരിച്ച് ഒരു വനിതയും ഉണ്ടായിരുന്നില്ല (അതേ പുസ്തകം,2016). ജനാധിപത്യ ഭരണസംവിധാനത്തിലേക്കുള്ള പങ്കാളിത്തത്തിൽ സ്ത്രീയുടെ ജനാധിപത്യ അവകാശങ്ങളെ രാഷ്ട്രീയ രംഗങ്ങളിൽ ഉറപ്പാക്കുന്നതിന് ശ്രമിച്ചില്ല എന്നുള്ളത് ഇതിൽ നിന്നും വ്യക്തമാണല്ലോ.

കേരളം ഉൾക്കൊണ്ട ഭൂപ്രദേശത്തിന്റെ ചരിത്രപരമായ പശ്ചാത്തലം പരിശോധിക്കുമ്പോൾ സ്ത്രീകളുടെ രാഷ്ട്രീയ ഭരണസംവിധാനങ്ങളിലെ പങ്കാളിത്തം വളരെ സാവധാനം നടന്നതായി കാണാം. ഭരണത്തിലെ അധികാര പങ്കാളിത്തം സാവധാനവും നാമമാത്രമായുമാണ് നിലനിൽക്കുന്നത്. വളരെ ശക്തമായ സ്ത്രീ നേതൃത്വങ്ങളെ അയിത്തോച്ചാടന യത്നങ്ങളിലും സമരങ്ങളിലും കാണാമെങ്കിലും അധികാരങ്ങളിൽ നാമമാത്രമായി മാത്രമേ കാണാൻ കഴിയൂ. നവോത്ഥാന കേരളം രൂപപ്പെടുത്തിയ സദാചാര ബോധവും, 'ഉത്തമസ്ത്രീ' മാതൃകകളും ചേർന്നപ്പോൾ സ്ത്രീകളുടെ രാഷ്ട്രീയപങ്കാളിത്തം അത്യാവശ്യമല്ലാത്ത ഒന്നായിമാറി. നവോത്ഥാന കാലത്തും നവോത്ഥാനത്തിന് ശേഷവും വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകൾക്ക് പ്രധാന്യം കൊടുത്തെങ്കിലും ഭരണപരമായ അധികാരങ്ങളിൽ സ്ത്രീകളെ അംഗീകരിക്കുന്ന ഒരു സമൂഹം ആയിരുന്നില്ല എന്നുള്ളതാണ്

ചരിത്രവസ്തുത. സമകാലിക സാമൂഹിക സാഹചര്യങ്ങളിൽ രാഷ്ട്രീയഭരണ സംവിധാനങ്ങളിലും സമുദായസംഘടനകളിലും സ്ത്രീപങ്കാളിത്തം ഉണ്ടെങ്കിലും അധികാരപദവികളിൽ ചുരുക്കം സ്ത്രീകളെയാണ് കാണാൻ സാധിക്കുന്നത്.

കേരളനിയമസഭയിലേക്കുള്ള ആദ്യപൊതുതിരഞ്ഞെടുപ്പ് മുതൽ ഇന്ന് വരെയുള്ള സ്ത്രീസാന്നിധ്യം നാമമാത്രമാണ്. കേരളത്തിൽ നിന്ന് ലോക സഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ എണ്ണവും പരിമിതമാണ്. 1992 ൽ 73,74 ഭരണഘടനാ ഭേദഗതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ 33 ശതമാനം സംവരണം ഉറപ്പാക്കിയതിലൂടെയാണ് രാഷ്ട്രീയരംഗ ത്തെ സ്ത്രീപങ്കാളിത്തം വർദ്ധിച്ചത്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 33 ശതമാനം സംവരണം നൽകികൊണ്ടുള്ള ആദ്യ തെരഞ്ഞെടുപ്പ് നടക്കുന്നത് 1995ലാണ്. ഈ തെരഞ്ഞെടുപ്പിലൂടെ കൗൺസിലർമാരായ സ്ത്രീപ്രതിനിധികളുടെ രാഷ്ട്രീയപങ്കാളിത്തവുമായി ബന്ധപ്പെട്ട ഒരു പഠനത്തിലെ ഒരു പ്രധാന കണ്ടെത്തൽ കാണിക്കുന്നത് (സൂര്യ മൂർത്തി & രഞ്ജിനി,2000) സ്ത്രീ പ്രതിനിധികളെ കണ്ടെത്തുക എന്നുള്ളത് വളരെ ശ്രമകരമായ ഒരു ജോലി യായി രാഷ്ട്രീയ പാർട്ടികൾക്ക് നേരിടേണ്ടി വന്നിരുന്നുവെന്നും രാഷ്ട്രീയമേഖ ലകളിലെ സ്ത്രീകളുടെ പങ്കാളിത്തം നിശ്ചിത ശതമാനമായ 33 ൽ നിന്നും 1.25 ശതമാനം മാത്രമേ അധികമായി വർദ്ധിച്ചിരുന്നുള്ളൂവെന്നുമാണ്. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തെ സംബന്ധിച്ച കേരളത്തിലെ പൊതുബോധത്തിന്റെ പ്രതിഫലനമാണ് ഇതു കാണിക്കുന്നത്. കാരണം രാഷ്ട്രീയം സ്ത്രീകൾക്ക് അനുയോജ്യമായ ഒന്നായി കണ്ടിരുന്നില്ല. അതുകൊണ്ട്തന്നെ വളരെ സ്വാഭാവികമായ നിലയിൽ സ്ത്രീകൾക്ക് (നാമമാത്രമായവരെ ഒഴിച്ചാൽ) രാഷ്ട്രീയ മേഖലയിൽ പ്രവേശിക്കാൻ സാധിക്കില്ലായിരുന്നു. സാമൂഹ്യപ്രവർത്തനം പുരുഷനു മേധാവിത്തമുള്ള ഇടമായിക്കണ്ടിരുന്ന ഒരു പൊതുബോധനിർമിതിയിലേക്കാണ് സ്ത്രീകൾക്കു കടക്കേണ്ടത്. എന്നാൽ വിദ്യസമ്പന്നരും യുവതികളും ആയിട്ടുള്ള സ്ത്രീകളുടെ പങ്കാളിത്തം അധികം ഉറപ്പിക്കുന്നതിന് ഈ ഒരു തെര ഞ്ഞെടുപ്പിൽ സാധിച്ചിരുന്നുവെന്നും രാഷ്ട്രീയപരമായിട്ടുള്ള പരിചയക്കുറവ്, മറ്റ് സാമൂഹ്യസാഹചര്യങ്ങൾ എന്നിവ ഉണ്ടായിട്ടും അധികം സ്ത്രീപ്രതിനിധി കളും പുരുഷന്മാരോടൊപ്പം രാഷ്ട്രീയമേഖലകളിൽ മികച്ച രീതിയിൽ പ്രവർത്തി ക്കുന്നതായും പഠനം സൂചിപ്പിക്കുന്നു (അതേ പ്രബന്ധം, 2000). 2010 ൽ കേരളത്തിൽ ക്രമേണ 33 ശതമാനത്തിൽ നിന്നും 50 ശതമാനത്തിലേക്കു സ്ത്രീ സംവരണം വർദ്ധിപ്പിച്ചു. ഈ മാറ്റം രാഷ്ട്രീയ മണ്ഡലത്തിലേക്കുള്ള സ്ത്രീപ്രവേശനത്തെ സ്ത്രീസമൂഹവും പൊതുസമൂഹവും ഏറെക്കുറെ അംഗീകരിച്ചതിന്റെ തെളിവാണ്. രാഷ്ട്രീയത്തിലേക്കുള്ള സ്ത്രീപ്രവേശനം ഗണാത്മകമായ പ്രാതിനിധ്യം ഉറപ്പിക്കുന്നവ മാത്രമാണോ അതോ ഗുണക രമായ മാറ്റം ഉണ്ടാക്കുന്നതിന് ഇത് സഹായിക്കുന്നുണ്ടോ എന്നരീതിയിൽ ആദ്യകാലത്തുണ്ടായ ചോദ്യങ്ങൾക്കുള്ള ഉത്തരം കൂടിയാണത്.

രാഷ്ട്രീയത്തിലേക്കുള്ള സ്ത്രീകളുടെ പ്രവേശനവും മുന്നോട്ടുള്ള

പ്രയാണവും വളരെ പ്രശ്നരഹിതമായ ഒന്നല്ല. മറിച്ച് 'സ്ത്രീകൾ' എങ്ങനെയാകണം എന്നുള്ള സാമൂഹ്യചട്ടങ്ങളെയും പ്രമാണങ്ങളെയും എതിർത്തും, വെല്ലുവിളിച്ചും, നിരാകരിച്ചുംകൊണ്ട് മാത്രമേ അവർക്ക് മുന്നേറാൻ സാധിക്കുകയുള്ളൂ. അത് എളുപ്പവുമല്ല എന്നുള്ളതിന് തെളിവാണു ഈ അടുത്തകാലത്ത് നടന്ന ചില പഠനങ്ങൾ കാണിക്കുന്നത്. തൃശ്ശൂർ കോർപ്പറേഷൻ കേന്ദ്രീകരിച്ച് സ്ത്രീ കൗൺസിലർമാരെക്കുറിച്ച് നടത്തിയ ഒരു പഠനത്തിൽ (നിത്യ,2020) സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തവുമായി ബന്ധപ്പെട്ട ചില കണ്ടെത്തലുകൾ കാണാം. സ്ത്രീകൾ രാഷ്ട്രീയമേഖലകളിലെ പ്രവർത്തനത്തിൽ താല്പര്യമുള്ളവരാണെങ്കിലും അത് തുറന്നു പറയാൻ വിസമ്മതിക്കുന്നുവെന്നും ഇപ്പോഴും സ്വന്തം അധികാരമേഖലയിൽ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകൾ പിന്നോക്കമാണെന്നുമാണ് പഠനം കണ്ടെത്തുന്നത്. കൂടാതെ പലപ്പോഴും രാഷ്ട്രീയപാർട്ടി നേതൃത്വങ്ങളിൽ നിന്നുള്ള സമ്മർദ്ദങ്ങൾ ഉണ്ടാകുകയും നിയന്ത്രണങ്ങൾക്ക് വിധേയരാക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളതും സ്ത്രീകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമായി ചൂണ്ടിക്കാണിക്കുന്നു.

രാഷ്ട്രീയത്തിൽ സംവരണത്തിനപ്പുറമുള്ള എണ്ണത്തിലേക്ക് സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2010, 2015 വർഷങ്ങളിലെ തെരെഞ്ഞെടുപ്പുകളിൽ നിശ്ചിത സംവരണത്തിലധികം സ്ത്രീകൾ തരെഞ്ഞെടുക്കപ്പെട്ടതായി കാണാം. സ്ത്രീനേതൃത്വത്തെ അംഗീകരിക്കാൻ തയ്യാറാകുന്ന പൊതുബോധത്തെയാണ് ഈ മാറ്റം പ്രതിഫലിപ്പിക്കുന്നത്. 2021 ൽ തെരെഞ്ഞെടുപ്പ് നടന്ന 1200 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളാണ് നേതൃത്വം വഹിക്കുന്നത് . സ്ത്രീകൾ നേതൃത്വം നൽകുന്ന 602 (Women headed) സ്ഥാപനങ്ങൾ ഉള്ളതായി 2021 ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. (പഞ്ചായത്ത് വകുപ്പ് കേരളാഗവൺമെന്റ് 2021 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് അവലംബം)

ഇത്തരം മാറ്റങ്ങളെ ഉൾക്കൊള്ളുമ്പോഴും അധികാരവും അധികാരത്തിന്റെ പ്രയോഗവും എല്ലാ സ്ത്രീകൾക്കും ഒരു പോലെ പ്രാപ്യമല്ല എന്നുള്ള വസ്തുതയും നിലനിൽക്കുന്നു. അത് പല പഠനങ്ങളിലും കാണാവുന്നതാണ്. പൊതുഇടത്തിലെ പുരുഷാധിപത്യം സിൽവിയ വാൽബി (1990) സൂചിപ്പിച്ചതുപോലെ പുതിയ രീതികളിൽ നിലനിൽക്കുന്നു. ലോകസഭയിലെയും സംസ്ഥാന നിയമസഭകളിലെയും ഡൽഹിയിലെ ലജിസ്ലേറ്റീവ് അസംബ്ലിയിലെയും ആകെ സീറ്റുകളുടെ മൂന്നിലൊന്ന് സ്ത്രീകൾക്കായി സംവരണം ചെയ്തു കൊണ്ടുള്ള പുതിയ നിയമപരിഷ്കരണം 2023-ൽ ഗവൺമെൻറ് കൊണ്ടുവന്നു. ഇതൊരു ചെറിയ മാറ്റമല്ല എങ്കിലും അതിനു വേണ്ടി എടുത്ത സമയവും കാലയളവും പുരുഷാധിപത്യ അധികാരങ്ങളെയും അവയെ സഹായിക്കുന്ന പ്രത്യയശാസ്ത്രധാരണകളുടെയും ആഴത്തെ സൂചിപ്പിക്കുന്നതാണ്.

**ഉപസംഹാരം**

പൊതുഇടങ്ങളിലുള്ള സ്ത്രീകളുടെ പങ്കാളിത്തത്തെ മൂന്നിടങ്ങളിൽ ഊന്നി വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചത്. കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ നിർവഹിച്ച വിശകലനം പൊതുഇടങ്ങളിലെ സ്ത്രീ നിർമിതികൾ പുരുഷാധിപത്യരാഷ്ട്രീയ ബോധ്യങ്ങളിൽ അധിഷ്ഠിതമാണെന്ന് വെളിവാക്കുന്നു. സമകാല സമൂഹത്തിലും അത്തരം ചൂഷണങ്ങളെ തിരിച്ചറിയാനാകാത്തവിധം സ്ത്രീസമൂഹത്തിന്റെ സിംഹഭാഗവും സമൂഹത്തിന് അനുയോജ്യമായ നിർമിതികൾ ആകുന്നതും ദൃശ്യമാണ്. എപ്പോഴും സമൂഹനിർമിതിയായ ചട്ടങ്ങൾക്കും നാട്ടുനടപ്പുകൾക്കും അനുസൃതമായ രീതിയിൽ ജീവിക്കുവാൻ മനുഷ്യർ നിർബന്ധിതരാകുകയോ അബോധമായി അതിന്റെ ഭാഗമാകുകയോ ചെയ്യുന്നു. അത്രമേൽ മനുഷ്യൻ സാമൂഹിക ചട്ടക്കൂടിന്റെ ഭാഗമാണ് പ്രധാനമായും സ്ത്രീകൾ. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ചെറുത്തുനിൽപ്പുകളും പോരാട്ടങ്ങളും പലപ്പോഴും സമൂഹം നിശ്ചയിച്ച അളവുകോലുകളിലെ ‘സ്ത്രൈണത’യുടെ പര്യായമായി കണക്കാക്കുന്നില്ല. പകരം നിലവിലെ സാമൂഹ്യസംവിധാനത്തിന് ചേരാത്തവരായി അവർ മുദ്രകുത്തപ്പെടുന്നു. അത്രമേൽ സങ്കീർണ്ണമാണ് സാമൂഹ്യജീവിതത്തിന്റെ ചട്ടക്കൂട്. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായി രൂപപ്പെട്ട ആധുനികവൽക്കരിച്ച പുരുഷസമൂഹത്തിന്റെ ധാരണകളെ ആ കാലം തുടങ്ങി ഇന്നുവരെ മാറ്റിക്കൊണ്ടുവരുന്നതിന് ഇത്രയും കാലങ്ങളായി രൂപപ്പെട്ട പ്രത്യയശാസ്ത്രങ്ങൾക്ക് സാധിച്ചില്ല. സാമൂഹ്യജീവിതത്തിന്റെ എല്ലാ രൂപങ്ങളിലും അധികാരത്തിന്റെ ശ്രേണികൾ നിലനിർത്താനുള്ള ശ്രമങ്ങൾ കാണാം. സമൂഹം മാറ്റത്തിന് വിധേയമാകുമ്പോഴും പുതിയ സാമൂഹ്യക്രമങ്ങളിൽ പുതിയ അധികാരശ്രേണികളും കാണാം. ഇത്തരം അധികാര ശ്രേണികൾ ലിംഗബന്ധങ്ങളിലും നിലനില്ക്കുന്നു .

കാലാനുസൃതമായി ഉണ്ടാകേണ്ട മാറ്റങ്ങളെ വലിയ അളവിൽ സമൂഹം ഉൾക്കൊണ്ടില്ല. സ്ത്രീകളും പുരുഷന്മാരും കുടുംബത്തിൽ നിന്ന് തൊഴിലിടത്തിലേക്ക് പോകുമ്പോൾ ഗാർഹിക ജോലികളുടെ അധികബാധ്യത സ്ത്രീകളുടെ ഉത്തരവാദിത്തമായി തുടരുന്നു. വീട്ടുജോലികൾ ചെയ്യുന്നു എന്ന് അഭിമാനം കൊള്ളുന്ന പുരുഷന്മാരുടെ ഒരു ചെറുസമൂഹം ഇന്ന് രൂപപ്പെട്ടിട്ടുണ്ട്. പക്ഷേ പലപ്പൊഴും സഹായഹസ്തം എന്നതിനപ്പുറം സമഭാവനയുടെ രീതികൾ ഇവിടെ രൂപപ്പെട്ടിട്ടില്ല. പൊതുമണ്ഡലത്തെ ആശയപരമായി രൂപപ്പെടുത്തുന്നതിൽ സ്വാധീനിക്കുന്ന മാധ്യമങ്ങളിൽ ഉൾപ്പെടെ പരിപാലനം, ഗാർഹികം എന്നത് സ്ത്രീയുടെ ഉത്തരവാദിത്തമാണെന്ന് പറഞ്ഞുറപ്പിക്കുന്ന പരസ്യങ്ങളുടെ രീതികൾക്ക് വ്യത്യാസം വന്നിട്ടുണ്ട്. അടുത്തിടെ പുറത്തിറങ്ങിയ പാഠപുസ്തകത്തിൽ കുടുംബത്തിലെ അടുക്കള ജോലികളിൽ പങ്കാളിയാകുന്ന പുരുഷന്റെ ചിത്രം ആശാവഹമായ ഒരു പുതിയ തുടക്കമാണ്. അസമമായ കുടുംബ ജീവിതത്തിൽ താല്പര്യമില്ലാതെ പല വിദ്യാസമ്പന്നരായ പെൺകുട്ടികളും കുടുംബജീവിതം നിരാകരിക്കുന്ന പുതുപ്രവണതകളും കടന്നുവന്നിട്ടുണ്ട്.

## ഗ്രന്ഥസൂചി


ഏംഗൽസ് 1989. *കുടുംബം,സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം.* പരിഭാഷ: ദാമോദരൻ പിള്ള, പി. എൻ. തിരുവനന്തപുരം:ചിന്ത പബ്ലിഷേഴ്സ്.

ഏഡി: ഴാങ്ദ്രേസ് & അമർത്യസെൻ. *ഇന്ത്യൻ വികസനം :തിരഞ്ഞെടുത്ത മേഘല പരിപ്രേക്ഷ്യങ്ങൾ.* 2000.വിവ:കുറുപ്പ്, പറക്കോട് എൻ.ആർ, & എസ്,ഷിബു.തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുര്യൻ,എം. ഷീബ.2017. *ലിംഗപദവി,വിദ്യാഭ്യാസം മാനവ വിഭവശേഷി : ഒരന്വേഷണം,ലിംഗപദവി വ്യത്യസ്തതയുടെ സൂചകങ്ങൾ.* മലയാളപ്പച്ച, കൊടുങ്ങല്ലൂർ: മലയാള വിഭാഗം കെ കെ ടി എം കോളേജ്.

'കേരള പഠനം കേരളം എങ്ങനെ ജീവിക്കുന്നു? കേരളം എങ്ങനെ ചിന്തിക്കുന്നു'. 2006. തൃശ്ശൂർ : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

ഗണേഷ്, കെ. എ ൻ .1990. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ദേവിക,ജെ.2015. *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?.* തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

പാലയ്ക്കൽ,ആൻറണി&എൻ,ബി,ലേഖ. 2003. *സ്ത്രീ ,സ്വത്ത് ലൈംഗീകത നായർ സമുദായത്തിലെ മാതൃദായവ്യവസ്ഥയുടെ ഒരു സാമൂഹികശാസ്ത്ര വായന.* വിജ്ഞാന കൈരളി, ,വാല്യം.55 ലക്കം .11 തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രദീപ്,സി.2016. *വളരുന്ന ഇന്ത്യൻ ജനത*, തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

മേനോൻ,നിവേദിത.2017. 'അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറംഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ (സാമൂഹ്യ വിമർശം)'.പരിഭാഷ:ദേവിക, ജെ.കോട്ടയം:സാഹിത്യ പ്രവർത്തക സഹകരണ സംഘം നാഷണൽ ബുക്ക് സ്റ്റോൾ.

രാധാകൃഷ്ണൻ,ആർ. 2016.*കേരളത്തിന്റെ സ്ത്രീ ശക്തി ചരിത്രം.* തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്.

Chakravarti, Uma. 1993. *Conceptualizing Brahmanical Patriarchy in Early India:Gender, Caste, class and State*. Economic and Political Weekly, Apr.3,Vol.28.No.(14) URL: https://www.jstor.org/stable/4399556.

Haralambos and Holborn.2013. *Sociology Themes and Perspectives*.United Kingdom: Harper Collins publishers limited.

Joseph, Ammu. *Girls and women in Kerala: Some less acknowledged facts*.Oommen M.A(Ed,), Rethinking Development,Kerala's Development Experience Vol.21999, .:Institute of social sciences, New Delhi: Concept publishing Company.Pp479-489

Kerala Development Report. 2008.

Kerala Economic Review.2021.

Nithya, N. R. 2020. *Role of women in Local Governance: The Kerala Experience.* Indian Journal of Society &Politics. 07(01). URL: https://www.ijsp.in

Saradamani, K.1999. *Matriliny Transformed:Family. Law and Ideology in Twentieth Century Travancore*,New Delhi:Sage Publications.

Sooryamoorthy,R& Renjini, D. 2000. *Political participation of women:the case of women councillors in kerala, India* .Journal of Third world, Spring Vol.17,No.1 University press of florida stable . URL: https://www.jstor.org/stable/45197846

Walby, Sylvia.1990. 'Theorising Patriarchy'.USA:Basil Blackwell Ltd